| ജിജി ഫ്രാൻസിസ് പ്രിൻസെസ് എഞ്ചിനീയറിംഗ് വർക്സ് | 119040108769/27.2.20 | 9 | 100 | -- | 100 |
| വിനോദ്കുമാർ കലിംഗ ഇൻഡസ്ട്രീസ് | 119040500400/29.5.20 | 77 | 1000 | 300 | 700 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ D05/APY/01/718/18/9.11.2018ലൈസൻസ് പ്രകാരം 33.68 KW + 30 KVA = 45 HP + 32 HP(24KW) = 77 HP. | | | | | |
| എസ്. ഗോപാലകൃഷ്ണൻ ബ്രിസ്റ്റോൾ ബോട്ട്സ് (പ്രൈ.)ലി. | 119040500306/3.2.20 | 215 | 2150 | 300 | 1850 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ APY/01/68/1998/13.1.20ലൈസൻസ് പ്രകാരം 161 KW = 215 HP. | | | | | |
| സുജിത് കെ.ബി. എലൈറ്റ് ഫുഡ്സ് പ്രൈ.ലി. | 119040109687/20.3.20 | 364 | 3640 | 2500 | 1140 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ APY/01/155/1988/6.1.16ലൈസൻസ് പ്രകാരം 112.55 KW + 200 KVA = 150 HP + 214 HP(160KW) = 364 HP. | | | | | |
| എം.റ്റി. ആന്റണി വരുണ പെയിന്റ്സ്(പ്രൈ) | 119040108532/26.2.20 | 151 | 2000 | 1000 | 1000 |

| | | | | | |
|---|---|---|---|---|---|
| ലി. | | | | | |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ APY/01/287/1996/30.12.19ലൈസൻസ് പ്രകാരം 85.06 KW + 35 KVA = 114 HP + 37 HP(28KW) = 151 HP. | | | | | |
| എം.റ്റി. ആന്റണി മെ. ക്ലാസിക് പെയിന്റ്സ് പ്രൈ.ലി. | 119040104262/25.2.20 | 228 | 2280 | 1000 | 1280 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ APY/01/448/2004/4.11.19ലൈസൻസ് പ്രകാരം 117.31 KW + 62.5 KVA = 161 HP + 67 HP(50KW) = 228 HP. | | | | | |
| കെ.കെ.സിദ്ധാർത്ഥൻ ഹൈടെക് കോട്ടിംഗ് ലി. | 119040108532/26.2.20 | 71 | 1000 | 500 | 500 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ N/APY/01/9299/01/28.10.19ലൈസൻസ് പ്രകാരം 53 KW = 71 HP. | | | | | |
| എ.ഇബ്രാഹിംകുട്ടി സാറാ എന്റർപ്രൈസസ് | 119040107763/12.2.20 | 112 | 2000 | 1000 | 1000 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ D05/APY/01/627/2015/19.1.2017ലൈസൻസ് പ്രകാരം 84.38 KW = 112 HP. | | | | | |
| പി.വി.ബിജു, അക്വാ മറൈൻ | 119040108855/29.2.20 | 255 | 2550 | 2000 | 550 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ D05/APY/01/755/19/31.12.19ലൈസൻസ് പ്രകാരം 63.41 KW + 160 KVA = 84 HP + 171 HP(128KW) = 255 HP. | | | | | |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ APY/01/320/1997/30.12.19ലൈസൻസ് പ്രകാരം 61 KW + 125 KVA = 81 HP + 134 HP(100KW) = 215 HP. | | | | | |
| കെ.എം. അബ്ദുള്ള പ്രീമിയർ എക്സ്പോർട്ട്സ് ഇന്റർനാഷണൽ -കെട്ടിട നം.8/179 | 119040108532/26.2.20 | 115 | 2000 | 1250 | 750 |
| വി.എ.സുൾഫിക്കർ മെ. ഹൈസീസ് എക്സിം | 119040109033/3.3.20 | 895 | 8950 | 1000 | 7950 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ APY/01/237/1994/16.7.18ലൈസൻസ് പ്രകാരം 279.76 KW + 485 KVA = 375 HP + 520 HP(388KW) = 895 HP. | | | | | |
| ശ്രീകുമാർ മോർ അക്വാ പ്രൊഡക്ട്സ് | 119040109062/4.3.20 | 20 | 200 | -- | 200 |
| ജാബിർ കെ.എ. ഡോൾഫിൻ വയേഴ്സ് പ്രൈ.ലി. | 119040107986/17.2.20 | 849 | 8490 | 4000 | 4490 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ D05/APY/01/604/2014/26.12.17ലൈസൻസ് പ്രകാരം 346.13 KW + 360 KVA = 463 HP + 386 HP(288KW) = 849 HP. | | | | | |
| നജീബ്. കെ.കെ. കെ.എം. ഫിഷറീസ് | | | | | |
| കെ.കൃഷ്ണകുമാർ കേകേ എക്സ്പോർട്സ് കോൾഡ് സ്റ്റോറേജ് | 119040108585/26.2.20 | 92 | 1000 | -- | 1000 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ D05/APY/01/514/2008/16.12.19ലൈസൻസ് പ്രകാരം 38 KW + 40 KVA = 50 HP + 42 HP(32KW) = 92 HP. | | | | | |
| കെ.കെ.സുലൈമാൻ കാളാശ്ശേരി ഇൻഡസ്ട്രീസ് | 119040101315/06.7.20 | 93 | 1000 | -- | 1000 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ N/APY/01/747/1996/28.11.18ലൈസൻസ് പ്രകാരം 70 KW = 93 HP. | | | | | |
| ആകെ കുറവ് | | | | | 61400 |

കുറവായി ഈടാക്കിയ മോട്ടോർ റണ്ണിംഗ് ഫീസ് 61400/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(6). യന്ത്രശക്തി ഉപയോഗിക്കുന്ന താഴെപ്പറയുന്ന ഡി & ഒ. ലൈസൻസ് അപേക്ഷകളിൽ ഫാക്ടറീസ് & ബോയിലേഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ യന്ത്രശക്തിയുടെ കൃത്യത കണക്കാക്കാൻ സാധിക്കുന്നില്ല.

| അപേക്ഷകൻ | രസീത് നം. | റിമാർക്സ് |
|---|---|---|
| പി.എ.അബ്ദു ഗോൾഡ് ഫിഷ് എക്സ്പോർട്ട്സ് | 119040500385/27.2.20 | |
| പി.കെ.രാജു മെ. ആർബീ അക്വാട്ടിക് പ്രോട്ടീൻസ് (പ്രൈ) ലി. | 119040500380/25.2.20 | |
| മാമൻ മാത്യു മലയാള മനോരമ | 119040108443/25.2.20 | |

| | | |
|---|---|---|
| കെ.എം. അബ്ദുള്ള പ്രീമിയർ എക്സ്പോർട്ട്സ് ഇന്റർനാഷണൽ-കെട്ടിട നം.12/323A | 119040108707/27.2.20 | ഫാക്ടറീസ് &ബോയിലേഴ്സ് സർട്ടിഫിക്കറ്റ് ഇല്ല എന്ന കാണിച്ച് പഞ്ചായത്തിൽ നിന്നും നം.AGP D&O No.C4-2462/20/7.8.20 പ്രകാരം കത്ത് നല്കിയട്ടുണ്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. |
| കെ.എം. അബ്ദുള്ള പ്രീമിയർ എക്സ്പോർട്ട്സ് ഇന്റർനാഷണൽ -കെട്ടിട നം.14/337 | 119040108712/27.2.20 | |
| കെ.എം. അബ്ദുള്ള പ്രീമിയർ എക്സ്പോർട്ട്സ് ഇന്റർനാഷണൽ -കെട്ടിട നം.8/179 | | |
| എസ്. ലാൽജി സീ ബേ എക്സ്പോർട്സ് പ്രൈ. ലി. | 119040108812/28.2.20 | |
| സി.എ.നാസർ ചെറുകാട്ട് ഇൻഡസ്ട്രീസ് -കെട്ടിട നം.11/622A | 119040500426/29.2.20 | ലൈസൻസിൽ യന്ത്രങ്ങളുടെ കുതിരശക്തി കാണിച്ചിരിക്കുന്ന പേജ് ഹാജരാക്കിയിട്ടില്ല. |
| സി.എ.നാസർ ചെറുകാട്ട് ഇൻഡസ്ട്രീസ് -കെട്ടിട നം.5/260B | 119040500424/29.2.20 | -ടി- |
| സി.എ.നാസർ ചെറുകാട്ട് ഇൻഡസ്ട്രീസ് -കെട്ടിട നം.5/260A | 119040500425/29.2.20 | -ടി- |

മേൽ അപേക്ഷകരുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കി യന്ത്രങ്ങളുടെ കുതിരശക്തിക്ക് ആനുപാതികമായി മോട്ടോർ റണ്ണിംഗ് ഫീ കണക്കാക്കി ഈടാക്കേണ്ടതാണ്.

## 1-13 ആംബുലൻസ് രസീത് ബുക്ക് പരിശോധന - അപാകതകൾ

അരൂർ ഗ്രമ പഞ്ചായത്തിലെ ആംബുലൻസ് ചാർജ്ജ് ഈടാക്കുന്നതിനായി പ്രത്യേകം രസീത് ബുക്ക് സൂക്ഷിക്കുന്നുണ്ട് . രസീത് നം. 401 മുതൽ 474വരെയുള്ള രസീതുകളാണ് പരിശോധിച്ചത്.

ആയതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. രസീത് നം. 403, 404 , 405 , 406 എന്നിവയിൽ തുക നല്കിയ ആളുടെ പേര് , മേൽവിലാസം , യാത്ര ചെയ്ത ദൂരം , സ്ഥലം , മീറ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ , തുക എന്നിവ വൈറ്റ്നർ പേന ഉപയോഗിച്ച് പൂർണ്ണമായും മാറ്റം വരുത്തി മറ്റൊരു തുക രേഖപ്പെടുത്തി യഥാക്രമം 1700 , 1940 , 650 , 800 എന്നിങ്ങനെ തുകകൾ ഒടുക്കി. ടി രസീത് പ്രകാരം വാങ്ങിയ തുക തന്നെ ഒടുക്കിയോ എന്നുള്ളതും ടി രസീത് 2 പ്രവശ്യം ഉപയോഗിക്കപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമല്ല.

2. രസീത് നം. 465, 466 എന്നിവയിൽ ഒന്നും തന്നെ രേഖപ്പെടുത്തുകയോ കാൻസൽ ചെയ്യുകയോ ചെയ്യാതെ തുടർന്നുള്ള രസീതുകൾ ഉപയോഗിച്ചതായി കാണുന്നു.

3. രസീത് ബുക്കിലെ തീയതി ലോഗ്ബുക്കുമായി യോജിക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| രസീത് നം./ തീയതി | രസീതിൽ യാത്ര സംബന്ധിച്ച രേഖപ്പെടുത്തൽ | ലോഗ് ബുക്കിൽ പ്രസ്തുത യാത്ര നടത്തിയ തീയതികൾ |
|---|---|---|
| 406 / 09.08.19 | ലേക് ഷോറിൽ വച്ച് മരണപ്പെട്ട ആളുടെ ബോഡി മെഡിക്കൽ കോളേജിലേയ്ക്ക് (വണ്ടാനം)പോസ്റ്റ് മോർട്ടത്തിനായി പോയ യാത്ര | 28.07.2019 |
| 407 / 21.08.19 | അരൂരിലെ 22ാം വാർഡിലെ രോഗിയെ എറണാകുളം ഹോസ്പിറ്റൽ-ലേയ്ക്ക് പോയ യാത്ര | 18.08.19 |
| 410 / 21.08.19 | എഴുപുന്നയിൽ നിന്നും ഒരു രോഗിയെ എറണാകുളം ലിസി ഹോസ്പിറ്റലിൽ കൊണ്ടുപോയ യാത്ര | 20.08.19 |
| 413 / 03.09. 19 | അരൂർ 8ാം വാർഡില് നിന്നും ഒരു രോഗിയെ കളമശേരി ആശുപത്രിയിൽ കൊണ്ടുപോയ യാത്ര | 31.08.19 |

4.രസീത് നം. 422 മുതൽ 425 വരെ , 448 മുതൽ 464വരെ ഉള്ള രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

5.രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് പണം നല്കുന്ന വ്യക്തിക്ക് നല്കാതെ ഒറിജിനലിനൊപ്പം സൂക്ഷിച്ചിരിക്കുന്നു.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (41/22.12.21) മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച ക്രമക്കേടുകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിലേയ്ക്ക് പഞ്ചായത്ത്

കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ഡി. & ഒ. ലൈസൻസ് - പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കാത്തത് സംബന്ധിച്ച്

(1) 1996ലെ കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾക്ക് 31.10.2017 ൽ വരുത്തിയ ഭേദഗതി പ്രകാരം (ജി.ഒ.(പി) നം. 80/2017/ എൽ.എസ്.ജി.ഡി., തീ.31.10.2017) പട്ടിക II ൽ ഈടാക്കാവുന്ന വാർഷിക ലൈസൻസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളിലായി തിരിച്ച് മിനിമം സ്ലാബിലെ ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീ 500/- രൂപയായി നിശ്ചയിച്ചിരുന്നു. ആയത് പ്രകാരം 500/- രൂപ പഞ്ചായത്ത് ഈടാക്കുന്നതിനെതിരെ വ്യാപാരി വ്യവസായി ഏകോപന സമിതി- അരൂർ, വ്യാപാരി വ്യവസായി ഏകോപന സമിതി-ചന്തിരൂർ, മറ്റ രണ്ടുവ്യക്തികൾ എന്നിവർ ചേർന്ന് കേരള ഹൈക്കോടതിയിൽ WP(C) No. 7150/2018-ാം നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. കേസ് നല്കിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള സർക്കാർ ഗസറ്റ് വിജ്ഞാപനം സർക്കാർ ഉത്തരവ് ആകാത്ത സാഹചര്യത്തിലും പഞ്ചായത്ത് കമ്മിറ്റി 05.03.2018 ൽ ഫയൽ നം.4, തീരുമാനം നം.7/1 പ്രകാരം, സർക്കാർ ഉത്തരവിന് വിധേയമായി ലൈസൻസ് ഫീസ് വർദ്ധനവ് ഉണ്ടാകുന്ന പക്ഷം ഒടുക്കാമെന്നുള്ള സത്യവാങ്മൂലം ലൈസൻസികളിൽ നിന്നും ലഭ്യമാക്കി വിവിധ സ്ലാബുകൾ നിശ്ചയിച്ച് ഏറ്റവും കുറഞ്ഞ ലൈസൻസ് ഫീസായി 100/-രൂപ നിശ്ചയിച്ചു.

25.6.2019 ൽ പരാതിക്കാർ സ്വമേധയാ കേസ് പിൻവലിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ഉത്തരവുകളൊന്നുംകൂടാതെ കോടതി കേസ് ഡിസ്മിസ് ചെയ്യുകയാണുണ്ടായിട്ടുള്ളത്. ആയതിനാൽ അതിനുശേഷം കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾക്ക് 31.10.2017 ൽ വരുത്തിയ ഭേദഗതി പ്രകാരമുള്ള ഫീസാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ സർക്കാർ വിജ്ഞാപനത്തിനനുസൃതമല്ലാതെയും ലൈസൻസികളിൽ നിന്നും സത്യവാങ്മൂലം ലഭ്യമാക്കാതെയും വലുതും ചെറുതുമായ പല സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ മാത്രമാണ് ലൈസൻസ് ഫീയായി ഈടാക്കിയിട്ടുള്ളത്. ഇത് പഞ്ചായത്തിന് വരുമാനനഷ്ടത്തിന് കാരണമാകുന്നു.

മൂലധന നിക്ഷേപത്തിനനുസൃതമായി ഫീസ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(2) ഡി. & ഒ. രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ ഡി. & ഒ. ലൈസൻസ് എടുക്കാത്തതായി മനസ്സിലാക്കുന്നു. പഞ്ചായത്തിലെ മാംസക്കച്ചവട സ്ഥാപനങ്ങൾ, കോഴിക്കടകൾ, അബ്കാരി ഷാപ്പുകൾ, റേഷൻ കടകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ, ബ്യൂട്ടി പാർലറുകൾ, 1965ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോഴ്സ് ചട്ടങ്ങൾ പ്രകാരം ജിംനേഷ്യം, പണം വാങ്ങി പ്രവേശനം നല്കുന്ന കായിക വിനോദങ്ങൾ നടത്തുന്ന 50ച.മീറ്ററിൽ കൂടുതലുള്ള സ്വകാര്യ സ്ഥലങ്ങൾ, ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ തുടങ്ങിയവ ലൈസൻസ് നേടിയിട്ടുള്ളതായി കാണുന്നില്ല.

എല്ലാ സ്ഥാപനങ്ങളും ലൈസൻസ് നേടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 രസീത് പരിശോധന – അപാകതകൾ

അരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ രസീത് പരിശോധന, പണം അടവാക്കൽ- പിൻവലിക്കൽ എന്നിവയുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

1. പഞ്ചായത്തിൽ നിന്നും കെട്ടിടനികുതി പിരിച്ചവയിൽ ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. പല രസീതുകളും ഡബിൾസൈഡ് കാർബൺ ഉപയോഗിച്ചല്ല എഴുതിയിരിക്കുന്നത്. കെട്ടിട നികുതി പിരിവിനുള്ള രസീത് എഴുതിയത് ഏതെങ്കിലും കാരണത്താൽ ക്യാൻസൽ ചെയ്തതിനുശേഷം പിന്നീട് മേൽ വ്യക്തികൾക്ക് രസീത് എഴുതുന്നതായി കാണുന്നില്ല. ഉദാ:-

| ബുക്ക് നം./ രസീത് നം. | രസീത് നല്കിയ ആളുടെ പേര് |
|---|---|
| 20009/30 | സുലൈമാൻ മൗലവി, ദാറുൾ കൗസർ |
| 20022/31 | ശ്രീരാജ്, ഉണ്ടിയിൽ |

2. വെറ്ററിനറി ഡിസ്പെൻസറിയിൽ ഉപയോഗിച്ചിട്ടുള്ള രസീത് ബുക്കിലെ എൻട്രികൾ കൃത്യമായി കളക്ഷൻ ബുക്കിൽ ചേർക്കുന്നില്ല. കളക്ഷൻ രജിസ്റ്ററിൽ രസീതു നമ്പറുകൾ തുടർച്ചയായി എഴുതി അതാതു ദിവസം പിരിക്കുന്ന തുക പഞ്ചായത്തിൽ അടവാക്കിയതിന്റെ രസീത് കളക്ഷൻ രജിസ്റ്ററിലെ അതാത് ദിവസത്തെ പേജിൽ പതിപ്പിക്കേണ്ടതാണ്.

3. കൃഷി ഓഫീസിൽ ഉപയോഗിച്ച രസീത് ബുക്കുകളിലെ രസീതുകൾ കളക്ഷൻ രജിസ്റ്ററിൽ വളരെ അലക്ഷ്യമായാണ് രേഖപ്പെടുത്തുന്നത്. മിക്ക രസീതുകളിലും തീയതി രേഖപ്പെടുത്തുന്നില്ല. രസീതുകളിൽ തീയതി രേഖപ്പെടുത്താത്തതിനാൽ പിരിവ് തുകകൾ അതാത് ദിവസം പഞ്ചായത്തിൽ അടവാക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. കളക്ഷൻ തുക അതാതു ദിവസം പഞ്ചായത്തിൽ അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

4. 2019-20, സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ഉപയോഗിക്കുന്നതിനായി 32421-ാം നമ്പർ രസീത് ബുക്കാണ് നല്കിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷത്തെ ഉപയോഗത്തിനുശേഷമുള്ള രസീതുകൾ ക്യാൻസൽ ചെയ്യാതെ 2020-21 വർഷവും ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. അതിനുശേഷം 2016-17സാമ്പത്തികവർഷം നല്കിയിരുന്ന 26988-ാം നമ്പർ രസീത് ബുക്കിൽ ബാക്കിയുണ്ടായിരുന്ന രസീത് നം. 79 മുതൽ 100 വരെയും പിന്നീട് 2017-18 സാമ്പത്തികവർഷം ഉപയോഗിച്ചിരുന്ന 14504 -ാം നമ്പർ രസീത് ബുക്കിലെ 71 മുതൽ 100 വരെയും ഉപയോഗിച്ചാണ് പിരിവ് നടത്തിയിട്ടുള്ളത്. അതിനുശേഷമാണ് 9.6.2021 ൽ വിതരണം ചെയ്ത രസീത് ബുക്ക് പിരിവിനായി ഉപയോഗിച്ചിട്ടുള്ളത്. സാമ്പത്തികവർഷാവസാനം ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്ത് കളക്ഷൻ രജിസ്റ്റർ ക്ലോസ് ചെയ്യേണ്ടതുമാണ്. അപ്രകാരം ചെയ്യാതിരുന്നതുകൊണ്ടാണ് 2016-17, 2017-18, 2019-20 വർഷങ്ങളിലെ രസീത് ബുക്കുകൾ 2020-21 വർഷം ഉപയോഗിക്കുവാൻ ഇടയായത്. ഇത് സാമ്പത്തിക ക്രമക്കേടുകൾക്ക് കാരണമായേക്കാം.

കൂടാതെ, പല രസീതുകളിലും ഡബിൾസൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. നിരവധി രസീതുകളിൽ തീയതിയും രേഖപ്പെടുത്തിയിട്ടില്ല.

5. വി.ഇ.ഒ.മാർ പിരിവിനായി ഉപയോഗിച്ചിരിക്കുന്ന രസീതുകളിൽ മിക്ക രസീതുകളുടെയും അസ്സലാണ് ഉപഭോക്താക്കൾക്ക് നല്കിയിരിക്കുന്നത്. രസീതുബുക്കിൽ പകർപ്പ് മാത്രമാണുള്ളത്. രസീതിന്റെ ക്രമ നമ്പർ തുടർച്ചയായി കളക്ഷൻ രജിസ്റ്ററിൽ എഴുതി ഓരോ ദിവസത്തെയും കളക്ഷൻ തുക പഞ്ചായത്തിൽ അടവാക്കിയതിന്റെ രസീത്

കളക്ഷൻ രജിസ്റ്ററിലെ അതാതു ദിവസത്തെ പേജിൽ പതിപ്പിക്കേണ്ടതാണ്.
രസീതുകൾ എഴുതുന്നത്, കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നത്, പഞ്ചായത്തിൽ തുക അടവാക്കുന്നത് എന്നിവ സംബന്ധിച്ച് പഞ്ചായത്തിനു കീഴിൽ വരുന്ന സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിന് പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് ഇംപാക്ട്

തനത് ഫണ്ടിന്റെ വരവ് പരിശോധനയിൽ 16.9.2021 ലെ സാംഖ്യ രസീത് നം. 121040500118/16.9.2021 പ്രകാരം കെൽട്രോൺ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമായ 178410/- രൂപയുടെ ചെക്ക് അതേദിവസം തന്നെ ബാങ്കിൽ നല്കിയിരുന്നെങ്കിലും ഓഡിറ്റ് തീയതിവരെ (ചെക്ക് തീയതി മുതൽ മൂന്ന് മാസത്തിനുശേഷവും) ബാങ്ക് അക്കൗണ്ടിൽ വരവു വച്ചിരുന്നില്ല. ചെക്ക് പാസാകാത്തതു സംബന്ധിച്ച് ഓഡിറ്റിൽ നിന്നും 18.12.2021 നേരിട്ടന്വേഷിച്ചതിനെത്തുടർന്ന് പഞ്ചായത്തധികൃതർ 20.12.2021 ൽ ബാങ്കുമായി ബന്ധപ്പെടുകയും ബാങ്കിൽ നിന്നും ചെക്ക് നഷ്ടപ്പെട്ടെന്നും തുടർന്ന് ബാങ്കധികൃതർ 20.12.2021 ൽ തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വയ്ക്കുകയാണുമുണ്ടായതെന്നുമാണ് ഓഡിറ്റിൽ അറിയിച്ചത്. 20.12.2021 ൽ തുക വരവു വച്ചത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ ഹാജരാക്കുകയും ചെയ്തു.

## 1-16 ഡി. & ഒ. ലൈസൻസ് - ലൈസൻസ് ഫീ കുറവായി ഈടാക്കി

ഡി. & ഒ. ലൈസൻസിനുള്ള താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു.

| അപേക്ഷകൻ /കെട്ടിട നം. | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| എം.എസ്. അനസ്<br>ഫ്രണ്ട് ലൈൻ<br>എക്സ്പോർട്സ് (പ്രൈ.)ലി. | 119040109424/13.3.20 | 10000 | 8000 | 2000 |
| പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP/IC-218/R4/18/13.7.18 പ്രകാരം മൂലധന നിക്ഷേപം 797 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| പി.കെ.രാജു<br>മെ. ആർബീ അക്വാട്ടിക്<br>പ്രോട്ടീൻസ് (പ്രൈ) ലി. | 119040500380/25.2.20 | 10000 | 5000 | 5000 |
| പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP/IC-3430/R2/2020/31.3.20 പ്രകാരം മൂലധന നിക്ഷേപം 827 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| മാമൻ മാത്യു<br>മലയാള മനോരമ | 119040108443/25.2.20 | 15000 | 5000 | 10000 |
| പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/HO/ALP/ICO-R/02/2019/7.9.2019 പ്രകാരം മൂലധന നിക്ഷേപം 120.23 കോടി രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| ആകെ കുറവ് | | | | 17000 |

കുറവ് വന്ന 17000/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 വാടക രജിസ്റ്റർ പരിശോധന – അപാകതകൾ

അരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ റെന്റ് രജിസ്റ്റർ പരിശോധനയിൽ പല സ്ഥാപനങ്ങളും നിരവധി മാസങ്ങളിലെ വാടക കുടിശ്ശികയായി കാണിച്ചിരിക്കുന്നു. ഉദാ.

| ഷോപ്പ് നം. | വാടകക്കാരൻ | കുടിശ്ശിക |
|---|---|---|
| G-9 | ന്യൂട്ടൻ | 23100 |
| G-13 | പുരുഷോത്തമൻ | 19270 |

| | | |
|---|---|---|
| F-2 | റ്റി.പി.സതീശൻ | 34220 |
| S-2 | സജി, പുത്തൻപുരയിൽ | 2554 |
| S-5 | ആഷിക്.എ.എ. | 32760 |
| S-10 | കടമുറിയുടെ റെന്റ് വിവരങ്ങൾ ഇല്ല. ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. | |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/21.12.21 )മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാടക കുടിശ്ശിക ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 1-18 വസ്തു നികുതി പരിശോധന

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എസ്. എസ് എക്യുപ്മെന്റ്സ്, അരൂർ എന്ന സ്ഥാപനം അലൂമിനിയം ഫാബ്രിക്കേഷൻ നടത്തുന്നതിന് ലൈസൻസ് (സന്തോഷ്. ബി, കരമന ഹൌസ്, തിരുവനന്തപുരം എന്നയാളുടെ ഉടമസ്ഥതയിൽ) എടുത്ത് പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനത്തിന് നല്കിയ ലൈസൻസിൽ ടി സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നമ്പർ ആയി രേഖപ്പെടുത്തിയിരിക്കുന്നത് 22/ 542 Bഎന്നാണ്. എന്നാൽ, ടി നമ്പറുള്ള കെട്ടിടം സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല.

2.നെല്ലിക്കൽ ഫാർമസി, അരൂർ എന്ന സ്ഥാപനത്തിൽ നിന്നും സമർപ്പിച്ച (സ്വരൂപ് ജെസ്റ്റിൻ, നെല്ലിക്കൽ, അരൂർ) ലൈസൻസ് അപേക്ഷയിൽ ആയുർവേദ മരുന്നുകൾ വിപണനം ചെയ്യുന്നതിനായി പ്രവർത്തിക്കുന്ന സ്ഥാപനം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, 146.46 വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന്റെ (നം. 16/ 195) ഉപയോഗക്രമം വാണിജ്യാവശ്യത്തിന് പ്രവർക്കുന്ന 100m2 ന് മുകളിലുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തുന്നതിന് പകരം ആശുപത്രി എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3.ശ്രീ. വിനീത് സേവ്യർ & ആൻസി ആന്റോ, എൽ. ബി. എസ് മാർഗ്, ആർ. സിറ്റി മാൾ (Opp), സബർബാൻ, മുംബൈ എന്നിവരുടെ ഉടമസ്ഥതയിലുള്ള 16/341 A, B, C, D, E, G (187.6M2) എന്നീ കെട്ടിട തിന്റെ പ്ലാൻ പരിശോധിച്ചതിൽ ടി കെട്ടിടം നാഷണൽ - ഹൈവേയിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. വഴി സൌകര്യത്തിനുള്ള വർദ്ധനവ് വരുത്തിയിട്ടില്ല.

4.ശ്രീ.ഷെറഫുദ്ദീൻ.എം.ഡി ഷെറിൻ ഹൌസ്, അരൂക്കുറ്റി എന്നയാളുടെ ഉടമസ്ഥതയിലുള്ള (നം.16/11 ) 235 M2ഡി. എസ്.എസ് മറൈൻ എന്ന സ്ഥാപനം വ്യവസായിക ആവശ്യത്തിനുള്ള കൈത്തറി - കയർ പിരി ഷെഡ് , എന്ന ഗണത്തിൽപ്പെടുത്തി നിർണയിച്ചിട്ടുള്ളത്.

5.ശ്രീ.ഷാജി അഗസ്റ്റിൻ, കൊച്ചപറമ്പിൽ, അരൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള 1/195 A, B, C, D എന്നീ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നത് 5 മീറ്റർ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. വഴി സൌകര്യത്തിനുള്ള വർദ്ധനവ് വരുത്തിയിട്ടില്ല 1/195 A, B എന്നിവയ്ക്ക് മാത്രമാണ് വരുത്തിയിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35 തീയതി 22.12.21) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, നിർണയിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം, നികുതിയിൽ നല്കേണ്ട വർദ്ധനവ് എന്നിവയിൽ വന്ന മാറ്റം ക്രമീകരിച്ച് രേഖകൾ, സെക്രട്ടറിയുടെ വിശദീകരണം എന്നിവ സഹിതം അറിയിക്കേണ്ടതാണ്.

## 1-19 സുഭിക്ഷ കേരളം - വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി

| | |
|---|---|
| പ്രോജക്ട് | സുഭിക്ഷ കേരളം - വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി |
| പ്രോജക്ട് നമ്പർ | 285/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ചെലവ് വിവരം | 82631 (ബിൽ നം- 2/20-21/27.03.21) |

80 ചതുരശ്ര മീറ്റർ (2 സെന്റ് ) വിസ്തീർണമുള്ള കുളത്തിൽ പടുത വിരിച്ച് സംരക്ഷിത വല സ്ഥാപിച്ച് 1000 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിന് ആകെ യൂണിറ്റ് ചെലവ് 123000 രൂപയെന്ന് കണക്കാക്കിയിട്ടുണ്ട്. പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയായി അനുവദിക്കുന്നതാണ്. സ. ഉ (സാധാ) നം -1009/2020 / തസ്വഭവ തീയതി 29-05-2020 നമ്പർ ഉത്തരവ് പ്രകാരം സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഭാഗം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. ഗുണഭോക്താവ് സ്വന്തം നിലയിൽ പ്രവൃത്തി പൂർത്തീകരിച്ച് ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയ മുറയ്ക്ക് സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം മാത്രം തദ്ദേശഭരണ സ്ഥാപനം നൽകിയാൽ മതിയാകും. എന്നാൽ, ഹാജരാക്കിയ ചെലവുരേഖകളുടെ അടിസ്ഥാനത്തിൽ, അനുവദനീയമായതിലും അധികം തുകയാണ് ഓരോ ഗുണഭോക്താവിനും സബ്സിഡിയിനത്തിൽ വികസനഫണ്ടിൽ നിന്നും അനുവദിച്ചിരിക്കുന്നത് എന്നു കാണുന്നു.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് , വിലാസം | പദ്ധതിക്കായി | വികസനഫണ്ടിൽ നിന്നും | അനുവദിച്ച | അധികം |
|---|---|---|---|---|

| | ചെലവഴിച്ച തുക | അനുവദി ക്കാവുന്ന സബ്സിഡി | തുക. | അനുവദിച്ചത് |
|---|---|---|---|---|
| സൂര്യശ്രീ.കെ.കെ, കുമ്പേൽ,അത്തൂർ | 25817 | 6885 | 11871 | 4986 |
| ചാക്കോഎം.എക്സ്, മാർക്കണ്ടേഴത്ത്, ചന്തിരൂർ.പി.ഒ. | 87456 | 23322 | 29480 | 6158 |
| ഷിജി ബൈജു, വരേകാട്ട് വീട്, അത്രൂർ. | 88879 | 23701 | 31000 | 7299 |
| നിഥിൻ.എൻ. പി, പനയ്ക്കാംപറമ്പ്. | 33600 | 8960 | 10280 | 1320 |
| ആകെ | | 62868 | 82631 | 19763 |

ഇപ്രകാരം വികസനഫണ്ടിൽ നിന്നും അനുവദനീയമായതിലും കൂടുതൽ സബ്സിഡി അനുവദിച്ചതിനു വിശദീകരണം നൽകേണ്ടതാണ്. മതിയായ രേഖകൾ/വിശദീകരണം ഹാജരാക്കുന്നതുവരെ അധികം നൽകിയ 19763/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/22.12.21 ) മറുപടി നൽകിയില്ല.

## 1-20 സുഭിക്ഷ കേരളം -ബയോഫ്ളോക്ക് മത്സ്യ കൃഷി -- സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | സുഭിക്ഷ കേരളം -ബയോഫ്ളോക്ക് മത്സ്യ കൃഷി |
| പ്രോജക്ട് നമ്പർ | S00278/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ചെലവ് വിവരം | 4/20-21/27-03-21 -558143/- (വികസനഫണ്ട്) |

5 മീറ്റർ വ്യാസമുള്ള പ്ലാറ്റ്ഫോമിൽ 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂട്ടിൽ നിർമ്മിച്ച് അതിനുള്ളിൽ 550GSM കനമുള്ള പി.വി.സി ആവരണം ചെയ്ത HDPE ഷീറ്റ് വിരിച്ച ശേഷം ടാങ്കിൽ 4-6 Cm വലിപ്പമുള്ള 1250 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിന് ആകെ യൂണിറ്റ് ചെലവ് 138000 രൂപയെന്ന് കണക്കാക്കിയിട്ടുണ്ട്. പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയായി അനുവദിക്കുന്നതാണ്. സ. ഉ (സാധാ) നം -1009/2020 / തസ്വഭവ തീയതി 29-05-2020 നമ്പർ ഉത്തരവ് പ്രകാരം സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഭാഗം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. ഗുണഭോക്താവ് സ്വന്തം നിലയിൽ പ്രവൃത്തി പൂർത്തീകരിച്ച് ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയ മുറയ്ക്ക് ആകെ ചെലവിന്റെ 40% ന്റെ മൂന്നിൽ രണ്ടു ഭാഗത്തേക്കാൾ അധികം വരുന്ന തുകകൾ സബ്സിഡിയിനത്തിൽഗ്രാമപഞ്ചായത്തിൽ നിന്നും നൽകുകയാണ് ചെയ്തിരിക്കുന്നത്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം മാത്രമാണ് തദ്ദേശഭരണ സ്ഥാപനം അനുവദിക്കേണ്ടത്.

വികസനഫണ്ടിൽ നിന്നും അനുവദനീയമായതിൽ കൂടുതൽ തുക സബ്സിഡി അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ. | ഗുണഭോ ക്താവിന്റെ പേര്. | ആകെ യൂ ണിറ്റ് ചെലവ് | വികസനഫണ്ടിൽ നിന്നും അനുവദിച്ച സബ്സി ഡി. | അനുവദി ക്കാവുന്നത്. | അധികം അനുവദിച്ചത്. |
|---|---|---|---|---|---|
| 1 | രവീന്ദ്രൻപിള്ള | 100713. | 36800 | 26857 | 9943 |
| 2 | സംഗീത്.പി.എസ്. | 113112 | 36800 | 30163 | 6637 |
| 3 | സനീഷ്.എം.എസ്. | 111265 | 36800 | 29670 | 7130 |
| 4 | സതീശൻ | 90485 | 33022 | 24130 | 8892 |
| 5 | അഭയരാജ് | 90187 | 34888 | 24050 | 10838 |
| 6 | കൃഷ്ണപ്രസാദ് | 98028 | 34236 | 26141 | 8095 |
| 7 | ഗോപകുമാർ | 100122 | 34540 | 26699 | 7841 |
| 8 | ജോൺ. T.T | 95970 | 33987 | 25592 | 8395 |
| 9 | ബാബു.പി.എസ്. | 96632 | 36540 | 25768 | 10772 |
| 10 | സദാനന്ദൻ. | 97326 | 34360 | 25954 | 8406 |
| 11 | റോബിൻഡോമിനിക്. | 93272 | 35000 | 24872 | 10128 |

| | | | | | |
|---|---|---|---|---|---|
| 12 | മനമോഹൻ. | 92164 | 32520 | 24577 | 7943 |
| 13 | സതീഷ് കുമാർ. | 95466 | 33930 | 25458 | 8472 |
| 14 | രാജിമോൾ | 93552 | 34120 | 24947 | 9173 |
| 15 | അലക്സ് | 98142 | 36080 | 26171 | 9909 |
| 16 | അസീസ് | 107457 | 34520 | 28655 | 5865 |
| | ആകെ | | 558143 | 419704 | 138439 |

വികസനഫണ്ടിൽ നിന്നും അനുവദനീയമായതിൽ കൂടുതൽ തുക സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം36/22.12.21 ) മറുപടി നൽകിയിട്ടില്ല. ഫിഷറീസ് വകുപ്പിൽ നിന്നും ലഭിക്കേണ്ട സബ്സിഡി തുക ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്. ഉണ്ടെങ്കിൽ വികസന ഫണ്ടിൽ നിന്നും അധികം നൽകിയ തുക പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-21 ജാഗ്രതാസമിതി-സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കാതെ ക്രമവിരുദ്ധമായി തുക പിൻവലിച്ചു.

20-21 സാമ്പത്തികവർഷത്തിൽ പ്രോജക്ട് നം. 50/21 ജാഗ്രതാസമിതി പദ്ധതി നടത്തിപ്പിനായി ബിൽബുക്ക് പ്രകാരം 165000 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സ്പിൽ ഓവർ പ്രോജക്ട് 227എന്ന രേഖപ്പെടുത്തിക്കൊണ്ട് 25000 രൂപ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം പിൻവലിച്ചതായി കാണുന്നു.

1. ബിൽ.നം. 6/20-21/18.05.20 -- 15000.

2. ബിൽ.നം. 10/20-21/12.06.20 -- 10000.

എന്നാൽ ഇപ്രകാരം സ്പിൽ ഓവർ ആയി പദ്ധതി തയ്യാറാക്കുകയോ ചെലവുപത്രികയിൽ ഉൾപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല. സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കാതെ തുക പിൻവലിച്ചത് ക്രമപ്രകാരമല്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 30/20-21 /21.12.21)മറുപടി നൽകിയിട്ടില്ല.

## 1-22 ഇൻഷുറൻസ് പരിരക്ഷയില്ലാതെ പഞ്ചായത്ത് വാഹനം സർവ്വീസ് നടത്തി

പഞ്ചായത്ത് വാഹനത്തിന്റെ (KL-32-J-9403 മഹീന്ദ്ര ബൊലേറോ) ഇൻഷുറൻസ് കാലാവധി 3.8.2020-ൽ അവസാനിച്ചിരുന്നു. നാഷണൽ ഇൻഷുറൻസ് കമ്പനിയിൽ നിന്നും ഇൻഷുറൻസ് പോളിസി പുതുക്കുന്നതിന് ഡ്രൈവറുടെ അപേക്ഷ പ്രകാരം തുക അനുവദിച്ചത് 6.8.2020-ലെ വൗച്ചർ നമ്പർ 22000409 പ്രകാരമാണ്. എന്നാൽ 08/2020ൽ ഇൻഷുറൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി പരിശോധനയ്ക്ക് ഹാജരാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.04/20.12.2021) ലഭ്യമാക്കിയില്ല. ആയതിനാൽ എപ്പോഴാണ് പോളിസി പുതുക്കിയതെന്ന് വ്യക്തമല്ല. വൗച്ചർ പ്രകാരം തുക അനുവദിച്ച തീയതിയിൽ തന്നെ ഇൻഷുറൻസ് എടുത്തുവെന്ന് സങ്കൽപ്പിച്ചാലും 04.08.2020, 05.08.2020, 06.08.2020 എന്നീ തീയതികളിൽ വാഹനം ഇൻഷുറൻസ് കവറേജ് ഇല്ലാതെയാണ് സർവ്വീസ് നടത്തിയത്. ആയത് യാതൊരു കാരണവശാലും അംഗീകരിക്കാവുന്നതല്ല. ഇൻഷുറൻസ് കവറേജ് കാലാവധി കഴിയുന്നതിന് മുമ്പ് പോളിസി പുതുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 മൽസ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് -- തുക അധികം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മൽസ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് നൽകൽ. |
| പ്രോജക്ട് നം. | S0018/20( പദ്ധതി പുതുക്കിയിട്ടില്ല.) |
| അടങ്കൽ | 480000(വികസനഫണ്ട്) |
| ചെലവ് വിവരം. | ബിൽ നം. 1/20-21/23.04.20 --204327/- |
| നിർവ്വഹണം | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

പ്രോജക്ട് നം. 18/20 പ്രകാരം മൽസ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി 2019-20 സാമ്പത്തികവർഷം പദ്ധതി വിഭാവനം ചെയ്തിരുന്നു. എന്നാൽ 2019-20 സാമ്പത്തികവർഷത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ടി പദ്ധതി പുതുക്കി അംഗീകാരം വാങ്ങാതെ, പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 20-21

സാമ്പത്തികവർഷം കെൽട്രോണിൽ നിന്നും 9 ലാപ്ടോപ്പുകൾ വാങ്ങിയതിന് ബിൽ നം. 1/20-21/23.04.20 പ്രകാരം 2,04,327 രൂപ പിൻവലിച്ച് കെൽട്രോണിന് നൽകിയിട്ടുണ്ട്. ഇവയുടെ RV200105006494 നം.ടാക്സ് ഇൻവോയിസ് (ഡെലിവറി സ്ലിപ്പ്)പ്രകാരം 9 ലാപ്ടോപ്പുകളുടെ ആകെ വില 196470 രൂപയാണ്. എന്നാൽ പ്രഫോർമ ഇൻവായിസ് പ്രകാരമുള്ള തുകയായ 204327 രൂപയാണ് കെൽട്രോണിന് നൽകിയിരിക്കുന്നത്. ലാപ്ടോപ്പുകളുടെ വിലയിനത്തിൽ കെൽട്രോണിന് 7857/- രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 15/21.12.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകിയിട്ടില്ല. ടി തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്.

പദ്ധതിരേഖ പുതുക്കി അംഗീകാരം വാങ്ങാതെ പദ്ധതിക്കായി തുക ചെലവഴിച്ചതിന് വിശദീകരണം നൽകിയിട്ടില്ല. ആയതിനാൽ ടി പദ്ധതിക്കായി ചെലവ് ചെയ്ത തുകയിൽ 7,857/- രൂപയുടെ നിരാകരണം ഒഴികെയുള്ള 1,96,470/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ--സ്റ്റോക്ക് വിതരണ രേഖകളിൽ കൃത്യതയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ. |
| പ്രോജക്ട് നമ്പർ. | S0185/21 |
| അടങ്കൽ | 285196. |
| ചെലവ്-ബിൽ നം.4/20-21 /20.04.20 | 158696. |
| ബിൽ നം.5/20-21/20.04.20 | 123500 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. |

പ്രോജക്ട് നം.185/21 പ്രകാരം ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകിയ പദ്ധതി നടത്തിപ്പിനായി കെൽട്രോണിൽ നിന്നും 19 ഹിയറിംഗ് എയിഡുകൾ വാങ്ങിയതിന് (ഒന്നിന് 6500/-രൂപ വീതം) ബിൽ നം. 5/20-21/20.04.20 പ്രകാരം 123500/- രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്.

അവ സ്റ്റോക്കിൽ എടുത്തിട്ടില്ല. വിതരണരജിസ്റ്റർ പ്രകാരം ആകെ 12 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഇവ വിതരണം നടത്തിയിട്ടുള്ളത്. ബാക്കി 7 ഹിയറിംഗ് എയിഡുകൾ വിതരണം നടത്താത്തതിനു വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/20/12/21 ന് മറുപടി ഹാജരാക്കിയിട്ടില്ല. വിതരണം നടത്താത്ത 7 ഹിയറിംഗ് എയിഡുകളുടെ വിതരണരേഖകൾ ഹാജരാക്കുന്നതുവരെ അവയ്ക്കു വേണ്ടി നൽകിയ 45500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 തദ്ദേശ പൊതു തെരെഞ്ഞെടുപ്പ് 2020 -- ഒരേ യാത്രയ്ക്ക് രണ്ട് തവണ വാഹന വാടക നൽകി.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അരൂർ മണ്ഡലത്തിന്റെ ചാർജ് വഹിച്ചിരുന്ന റിട്ടേണിംഗ് ഓഫീസർക്ക് സഞ്ചരിക്കുന്നതിനായി KL-32-K 1589 നമ്പർ വാഹനം 24.11.2020 മുതൽ 31.12.2020 വരെ വാടകയ്ക്ക് എടുത്തിരുന്നു. 24.11.2020 മുതൽ 31.12.2020 വരെ വാഹനത്തിന്റെ വാടകയിനത്തിൽ ഡ്രൈവർ ശ്രീ.ബി.വിഷ്ണുവിന് 73270 രൂപ അനുവദിക്കുകയും ഇതിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ നിന്നും ഡീസൽ ചാർജ്ജിനത്തിൽ ചെലവഴിച്ച 12303 രൂപ കുറവ് ചെയ്ത് വൗച്ചർ നമ്പർ 22001094/ 30.1.2021 പ്രകാരം 60967 രൂപ നൽകിയിട്ടുണ്ട്. എന്നാൽ വൗച്ചർ പരിശോധിച്ചതിൽ, 22001283/5.3.21, 22001284/5.3.21 എന്നീ വൗച്ചറുകൾ പ്രകാരം മേൽ വാഹനത്തിന്റെ ഡീസൽ ചാർജ്ജിനത്തിൽ 14509 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. അതായത് ടി തുക കുറവ് ചെയ്ത് വാഹന ഉടമയ്ക്ക് 58,761 രൂപയാണ് നൽകേണ്ടിയിരുന്നത്. അധികം നൽകിയ 2206 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ശ്രീ.ബി.വിഷ്ണു എന്നയാളുടെ വാഹനം വാടകയ്ക്ക് എടുത്തതിന് വൗച്ചർ നം 22001059/19.1.2021 പ്രകാരം 78,317 രൂപ (ചെക്ക് നം 939521) ചെലവഴിച്ചിട്ടുണ്ട്. ടി ചെലവുമായി ബന്ധപ്പെട്ട് പേയ്മെന്റ് വൗച്ചറിന്റെ കോപ്പി മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാഹനത്തിന്റെ വിശദാംശങ്ങളും ട്രിപ്പ് ഷീറ്റും അനുബന്ധ രേഖകളും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. തദ്ദേശ തെരഞ്ഞെടുപ്പുമായി

ബന്ധപ്പെട്ട് ശ്രീ.ബി.വിഷ്ണുവിന്റെ KL-32-K 1589 നമ്പർ വാഹനം 24.11.2020 മുതൽ 31.12.2020 വരെ വാടകയ്ക്ക് എടുത്തവകയിൽ 60967 രൂപ നൽകിയിട്ടുള്ളതിനാൽ വീണ്ടും വൗച്ചർ നം 22001059/19.1.2021 പ്രകാരം 78,317 രൂപ ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. ടി തുക ചെലവിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ചെലവിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് രേഖാമൂലം ഓഡിറ്റ് എൻക്വയറി (നം 05/20.12.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-26 മരുന്നുകൾ പൂർണമായും ലഭിക്കാത്തത് സംബന്ധിച്ച്.

അരൂർ പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം നല്കിയ തുകയ്ക്കുള്ള മരുന്നുകൾ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും പൂർണമായും ലഭ്യമായതായി കാണുന്നില്ല.

1. പ്രോജക്ടിന്റെ പേര് : പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. : 96/2021

അടങ്കൽ : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)-400000/-

ചെലവ് : 400000/- (ബിൽ നം.17തീ.08.01.2021)

അരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിലേക്കായി 2020-21 സാമ്പത്തിക വർഷം മേൽ പദ്ധതി പ്രകാരം നാല് ലക്ഷം രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. എന്നാൽ 365619/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 34381/-രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്.

2. പ്രോജക്ടിന്റെ പേര് : ജീവിത ശൈലി രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. : 97/2021

അടങ്കൽ : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)-400000/-

ചെലവ് : 400000/- (ബിൽ നം.16തീ.08.01.2021)

നിർവഹണം: മെഡിക്കൽ ഓഫീസർ, അരൂർ

അരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ജീവിത ശൈലി രോഗങ്ങൾക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിലേക്കായി 2020-21 സാമ്പത്തിക വർഷം മേൽ പദ്ധതി പ്രകാരം നാല് ലക്ഷം രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. എന്നാൽ 374298/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 25702/-രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീ.04.12.2021) മറുപടി ലഭ്യമാക്കിയില്ല. നാളിതുവരെയായും ലഭ്യമാകാത്ത മരുന്നിനായി ചെലവഴിച്ച തുക 60083/-രൂപ (34381+25702) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-27 ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനാവശ്യമായ തുക സോഴ്സ് ഡിഡക്ഷൻ നടത്തിയത്- തിരികെ ലഭിക്കാത്തത് സംബന്ധിച്ച്

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2020 ൽ പൊതു തെരഞ്ഞെടുപ്പ് നടത്തുന്നതിന് ആവശ്യമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേയ്ക്ക് ആവശ്യമായ തുക 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന റോഡിതര സംരക്ഷണ ഫണ്ടിന്റെ രണ്ടും മൂന്നും ഗഡുക്കളിൽ നിന്നും കുറവ് ചെയ്ത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നു. ആയതിന്റെ ഭാഗമായി സർക്കാർ ഉത്തരവ്(സാധാ)നം.4444/2020 തീ.03.08.2020 പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച രണ്ടാം ഗഡു സംരക്ഷണ ഫണ്ടിൽ നിന്നും നിശ്ചിത അനുപാതത്തിലുള്ള തുക കുറവ് ചെയ്തിട്ടുണ്ട്. അരൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച റോഡിതര സംരക്ഷണ ഫണ്ടിൽ നിന്നും 77942/-രൂപ ഇപ്രകാരം കുറവ് ചെയ്തിരുന്നു.

സർക്കാർ ഉത്തരവ്(സാധാ)നം.12/2021 തീ.01.01.2021 പ്രകാരം സംരക്ഷണ ഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ചു കൊണ്ടുള്ള ഉത്തരവിലെ ഖണ്ഡിക 3 -ൽ ത്രിതല പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പിനാവശ്യമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് നിലവിലെ സാഹചര്യത്തിൽ ഫണ്ട് ആവശ്യമില്ലായെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിട്ടുണ്ടെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ രണ്ടാം ഗഡു സംരക്ഷണ ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക തെരഞ്ഞെടുപ്പ് കമ്മീഷന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു കഴിഞ്ഞതിനാൽ ടി തുക തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും ലഭ്യമാകുന്ന മുറക്ക് പഞ്ചായത്തിന് അനുവദിക്കുന്നതാണെന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി തുക നിലവിൽ ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31 തീ.21.12.2021)മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ഗവ. ഫിഷറീസ് എൽ.പി സ്കൂൾ പ്രഥമാധ്യാപിക നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

### 1- എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര -- ടെണ്ടർ രേഖകൾ ഹാജരാക്കിയില്ല, ജി.എസ്.ടി കുറവ് ചെയ്തില്ല.

ഗവ. ഫിഷറീസ് എൽ.പി സ്കൂൾ പ്രഥമാധ്യാപിക 2020-21 വർഷം നിർവ്വഹണം നടത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര (പ്രോ.നം 162/21) എന്ന സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 60 സ്കൂൾ കുട്ടികൾക്ക് പ്ലാസാ എന്റർപ്രൈസസ്, കലഞ്ഞൂർ, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നും മേശയും കസേരയും വാങ്ങി നൽകുന്നതിനായി 2,97,000 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ

കൊടുക്കുന്നു.

A- തൻവർഷം സ്പിൽ ഓവറായി ഏറ്റെടുത്ത് നടപ്പാക്കിയ ടി പ്രോജക്റ്റ് 2019-20 വർഷത്തെ സുലേഖ പത്രിക പ്രകാരം നടപ്പാക്കുന്നതിനായി ഏറ്റെടുത്ത പ്രോജക്റ്റുകളിൽ ഉൾപ്പെട്ടതായി കാണുന്നില്ല. 2019-20 വർഷം ഏറ്റെടുക്കാത്ത പ്രോജക്റ്റ് എങ്ങനെയാണ് തൻവർഷം സ്പിൽ ഓവറായി നടപ്പാക്കിയതെന്ന് വ്യക്തമല്ല.

B- ടി പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിന്റേയും ലഭിച്ച ടെണ്ടറുകളുടേയും വിശദാംശങ്ങൾ ഫയലിൽ ചേർത്ത് ഓഡിറ്റിനായി ലഭ്യമാക്കിയില്ല. ആയതിനാൽ ഫർണീച്ചർ വിതരണത്തിനായി ചുമതലപ്പെടിത്തിയ പ്ലാസാ എന്റർപ്രൈസസ് തന്നെയാണോ കുറഞ്ഞ തുക ക്വോട്ട് ചെയ്തതെന്ന് പരിശോധിക്കുവാൻ നിർവ്വാഹമില്ല.

C- കേന്ദ്ര ചരക്ക സേവന നികുതി നിയമം 2017 (2017-ലെ 12-ാം നിയമം), കേരള ചരക്ക സേവന നികുതി നിയമം 2017 (2017-ലെ 20-ാം നിയമം) എന്നീ നിയമങ്ങളിലെ സെക്ഷൻ 51 അനുസരിച്ച് ഒരു കരാറിൻ പ്രകാരം രണ്ടര ലക്ഷം രൂപയിൽ കവിയുന്ന നികുതി വിധേയമായ സാധനങ്ങളുടെയോ സേവനങ്ങളുടെയോ വാങ്ങലുകൾ നടത്തിയതിന്റെ പേയ്മെന്റ് നടത്തുമ്പോൾ ടി തുകയിൽ നിന്നും 2% നികുതി ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (റവന്യൂ വിഭാഗം) 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 01.10.2018 മുതൽ ആയത് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. മേൽ പ്രോജക്റ്റ് പ്രകാരം പ്ലാസാ എന്റർപ്രൈസസിന് ഫർണീച്ചറുകളുടെ വിലയിനത്തിൽ 2,97,000 നൽകിയിട്ടുണ്ടെങ്കിലും നിയമാനുസൃതം ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ട 2% ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല. 2% ജി.എസ്.ടി ഈടാക്കി സംസ്ഥാന സർക്കാരിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 2,97,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>ചെലവ് വിവരം</u>

വികസന ഫണ്ട് -- 2,97,000/- (ബിൽ നം - 08/30.06.2020)

<u>2- സുലേഖയിൽ പ്രോജക്റ്റ് വിശദാംശങ്ങൾ രേഖപ്പെടുത്ത.</u>

ഗവ. ഫിഷറീസ് എൽ.പി സ്കൂൾ പ്രഥമാധ്യാപിക 2020-21 വർഷം നിർവ്വഹണം നടത്തിയ അഴൂർ ഗവ. ഫിഷറീസ് എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം (പ്രോ.നം 47/2021) എന്ന പദ്ധതിയ്ക്കായി ബിൽ നം 03/5.5.2020 പ്രകാരം 5376 രൂപയും, ഇഹ്യാ ഉൽ ഇസ്ലാം ഗവ. എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം (പ്രോ.നം 48/2021) എന്ന പദ്ധതിയ്ക്കായി ബിൽ നം 04/5.5.2020 പ്രകാരം 10500 രൂപയും വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് അഴൂർ അന്നപൂർണ്ണേശ്വരി കാറ്ററിംഗ് യൂണീറ്റിന് നൽകിയിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ വികസന ഫണ്ടിൽ നിന്നുള്ള ടി ചെലവ് വിവരം രേഖപ്പെടുത്തിയിട്ടില്ല. ചെലവ് പത്രിക പ്രകാരം മേൽ പ്രോജക്റ്റുകൾക്കായി തനത് ഫണ്ടിൽ നിന്നും 50,000 രൂപ വീതം വകയിരുത്തിയിട്ടുണ്ടെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. സുലേഖ ചെലവ് പത്രികയിൽ ഓരോ പ്രോജക്റ്റ് പ്രകാരമുള്ള കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 എൽ.ഇ.ഡി ഗ്രാമം പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നമ്പർ 85/21 എൽ.ഇ.ഡി ഗ്രാമം

ബിൽ നമ്പർ 91/12.2.21 – 302827/-,

78/11.12.20 – 348000/-

22001412/26.3.21 - 749173 ആകെ 14,00,000/-

2020-21ൽ സെക്രട്ടറി നടപ്പിലാക്കിയ എൽ.ഇ.ഡി ഗ്രാമം എന്ന പദ്ധതിപ്രകാരം 24/25Wഎൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം (മാനുവൽ ഓപ്പറേഷൻ) ഒരെണ്ണത്തിന് 2800/-രൂപ നിരക്കിൽ 500എണ്ണം സ്ഥാപിക്കുന്നതിന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും 14,00,000/- രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ വിവിധ പോസ്റ്റുകളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിച്ചിട്ടുള്ളതായി അതത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ രേഖകളാണ് സൂക്ഷിച്ചിട്ടുള്ളത്. കരാർ സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള രേഖകൾ പ്രകാരം ഒരേ പോസ്റ്റിൽ തന്നെ ഒന്നിലധികം ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

വാർഡ് 8 ലെ സാക്ഷ്യപത്രപ്രകാരം ക്രമനമ്പർ 5, 15, 24 എന്നിങ്ങനെ ഒരേ പോസ്റ്റിൽ തന്നെ (AR/CKP/25/14), 3എണ്ണം സ്ഥാപിച്ചതായും പോസ്റ്റ് നമ്പർ AR/CKP/25/11 ൽ 2 എണ്ണം സ്ഥാപിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. മേൽ സൂചിത സാക്ഷ്യപത്രപ്രകാരം ഒരേ പോസ്റ്റിൽ തന്നെ ഒന്നിലധികം എൽ.ഇ.ഡിലൈറ്റുകൾ സ്ഥാപിച്ചതായി കാണുന്നു. മേൽ സൂചിപ്പിച്ചവിധം ഒരേ പോസ്റ്റിൽ തന്നെ അധികം സ്ഥാപിച്ചതായി രേഖപ്പെടുത്തി തുക ചെലവഴിച്ചിട്ടുള്ള 3 എൽ.ഇ.ഡി ലൈറ്റുകളുടെ വില (2800x3), 8400/-രൂപ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/20.12.21) മറുപടി ലഭ്യമാക്കിയില്ല.

## 1-30 ദിവസ വേതനക്കാരുടെ വേതനം -- അധികം നൽകിയ തുക അംഗീകരിക്കുന്നില്ല.

ജി.ഒ(പി) നം. 81/2019/ധനം തീയതി 09.07.2019 അനുസരിച്ച് ഡ്രൈവർ തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് പ്രതിദിനം 715/- രൂപ നിരക്കിൽ ഒരു മാസം പരമാവധി നൽകാവുന്നത്

19305 രൂപയാണ്. എന്നാൽ താഴെപറയുന്ന മാസങ്ങളിൽ ശ്രീ.പി.കെ. ഷാജി, ജീപ്പ് ഡ്രൈവർ, ശ്രീ.ഉണ്ണി, ആംബുലൻസ് ഡ്രൈവർ എന്നിവർക്ക് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

1) ശ്രീ.പി.കെ. ഷാജി, ജീപ്പ് ഡ്രൈവർ.

| ക്രമ നം. | ഏത് മാസത്തേയ്ക്ക് | നൽകിയ തുക | അധികം നൽകിയ തുക | വൗച്ചർ നം |
|---|---|---|---|---|
| 01 | 03/2020 | 22165 | 2860 | 22000007/ 1.4.2020 |
| 02 | 06/2020 | 20020 | 715 | 22000273/ 1.7.2020 |
| 03 | 07/2020 | 22165 | 2860 | 22000381/ 1.8.2020 |
| 04 | 11/2020 | 21450 | 2145 | 22000850/ 1.12.2020 |
| 05 | 12/2020 | 20020 | 715 | 22000973/ 1.1.2021 |
| | ആകെ | | 9295 | |

2) ശ്രീ.ഉണ്ണി, ആംബുലൻസ് ഡ്രൈവർ.

| ക്രമ നം | ഏത് മാസത്തേയ്ക്ക് | നൽകിയ തുക | അധികം നൽകിയ തുക | വൗച്ചർ നം |
|---|---|---|---|---|
| 01 | 03/2020 | 22165 | 2860 | 22000018/ 1.4.2020 |
| 02 | 06/2020 | 21450 | 2145 | 22000287/ 1.7.2020 |
| 03 | 07/2020 | 22165 | 2860 | 22000400/ 4.8.2020 |
| 04 | 11/2020 | 21450 | 2145 | 22000854/ 1.12.2020 |
| 05 | 12/2020 | 22165 | 2860 | 22001036/ 15.1.2021 |
| | ആകെ | | 12870 | |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വേതനം അനുവദിച്ചതു വഴി ജീപ്പ് ഡ്രൈവർ ശ്രീ.പി.കെ ഷാജിയ്ക്ക് 9295 രൂപയും ആംബുലൻസ് ഡ്രൈവർ ശ്രീ.ഉണ്ണിയ്ക്ക് 12870 രൂപയും അധികം നൽകുവാൻ ഇടയായിട്ടുണ്ട്. ജി.ഒ(പി)81/2019/9.7.19, ജി.ഒ(പി)119/19/30.08.2019 എന്നീ ഉത്തരവുകളിൽ 27 ദിവസത്തിലധികം ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് അവർ അവധി ദിവസങ്ങളിലും ജോലി ചെയ്തിട്ടുണ്ടെന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അധിക ദിവസങ്ങൾക്ക് വേതനം നൽകാവുന്നതാണ്. എന്നാൽ 2020-21 വർഷത്തെ വൌച്ചർ പരിശോധിച്ചതിൽ മേൽ ജീവനക്കാർ അവധി ദിവസങ്ങളിൽ ജോലി ചെയ്തതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക നൽകിയത് അംഗീകരിക്കാവുന്നതല്ല. ടി തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് അധികച്ചെലവിന് ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിച്ച് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

3) ഗ്രാമപഞ്ചായത്ത് ഓഫീസിൽ ദിവസ വേതന അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ജോലി നോക്കുന്ന ശ്രീമതി ജുബീന കെ.എം എന്നയാൾക്ക് ഏപ്രിൽ മാസത്തിൽ 27 ദിവസത്തെ വേതനമായി പ്രതിദിനം 740 രൂപ നിരക്കിൽ 19,980 രൂപ നൽകിയിട്ടുണ്ട്. ടിയാളുടെ മസ്റ്റർ റോൾ പരിശോധിച്ചതിൽ തൻമാസം അവധി ദിവസങ്ങൾ ഒഴികെ 26 ദിവസമാണ് ജോലിയ്ക്ക് ഹാജരായിട്ടുള്ളത്. അധികം നൽകിയ 740 രൂപ ടിയാരിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് അധികച്ചെലവിന് ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിച്ച് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 1-31 കൃഷി ഓഫീസർ നിർവഹിച്ച പദ്ധതികൾ - ഗുണഭോക്തൃ വിഹിതം എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല.

അരൂർ ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവ് സുലേഖയിൽ നിന്നുള്ള എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര് പ്രോജക്ട് നം | ഗുണഭോക്തൃ വിഹിതം | ചെക്ക് നം/തീ |
|---|---|---|---|
| 1 | തെങ്ങുകൃഷി വികസനം (176-സ്പിൽ ഓവർ) | 30000 | 939840/29.03.2021 |
| 2 | പച്ചക്കറി കൃഷി വികസനം (249-സ്പിൽ ഓവർ) | 43750 | |
| 3 | അലങ്കാര സസ്യകൃഷി വികസനം (250-സ്പിൽ ഓവർ) | 15125 | |

ഇത് സംബന്ധിച്ച് വിശദീകരണം നല്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29 തീ.21.12.2021) നല്കിയ

മറുപടിയിൽ കൃഷി ഓഫീസർ യഥാസമയം ബിൽ സമർപ്പിച്ചിരുന്നതാണെന്നും പഞ്ചായത്തിൽ നിന്നും സുലേഖയിൽ പേയ്മെന്റ് രേഖപ്പെടുത്താതിരുന്നതാണ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാതിരുന്നതിന്റെ കാരണം എന്നും അറിയിച്ചു. ടി തുക 2020-21 സാമ്പത്തിക വർഷത്തെ എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾക്കൊള്ളിക്കുന്നതിനാവശ്യമായ നടപടി പഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-32 പച്ചക്കറി കൃഷി വികസനം-വി.എഫ്.പി.സി.കെ-യ്ക്ക് അധിക തുക നല്കിയത് സംബന്ധിച്ച്.

പ്രോജക്ട് നം.76

പച്ചക്കറി കൃഷി വികസനം

അടങ്കൽ-വികസന ഫണ്ട്- 528000/-രൂപ

ഗുണഭോക്തൃ വിഹിതം- 176000/-രൂപ

ചെലവ്- വികസന ഫണ്ട്- 335288/-രൂപ

(1.ട്രഷറി ബിൽ നം. 25 തീ.19.11.2020-149400/-രൂപ

2.ട്രഷറി ബിൽ നം. 28 തീ.23.01.2020-185888/-രൂപ)

ഗുണഭോക്തൃ വിഹിതം- 124200/-രൂപ (ചെക്ക് നം.939821 തീ.31.03.2021)

ആകെ - 459488/-രൂപ

മേൽ പദ്ധതി പ്രകാരം തൻവർഷം പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗും പച്ചക്കറി തൈകളും വിതരണം ചെയ്തതിന് വി.എഫ്.പി.സി.കെ-യ്ക്ക് ആകെ 459488/-രൂപ മേൽ പ്രകാരം നല്കിയിരിക്കുന്നു. വി.എഫ്.പി.സി.കെ-യുടെ ബില്ല് പ്രകാരം ആകെ നല്കേണ്ടിയിരുന്ന തുക 447051/- രൂപ മാത്രമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. തീയതി | തുക |
|---|---|---|
| 1 | KBK/EKM/20-21/697 Dt-24.09.2020 | 199200 |
| 2 | KBKEKM20-21/1158 Dt 28.12.2020 | 247851 |
| | ആകെ | 447051/-രൂപ |

അധികമായി തുക നല്കാനിടയായ സാഹചര്യം ഓഡിറ്റിൽ വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29 തീ.21.12.2021) നല്കിയ മറുപടിയിൽ ടി പദ്ധതി പൂർത്തീകരിച്ചിട്ടില്ലായെന്നും 2021-22 വർഷം സ്പിൽ ഓവറായി തുടരുന്നുണ്ടെന്നും അധികമായി നല്കിയ തുക ക്രമീകരിച്ചതിനു ശേഷമെ ടി സ്ഥാപനത്തിന് തുടർന്നുള്ള ബിൽ തുക നല്കുകയുള്ളൂവെന്ന് കൃഷി ഓഫീസർ അറിയിച്ചു. അധികമായി നല്കിയ തുക ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക ഉത്തരവാദിയായ കൃഷി ഓഫീസറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്. തുക ക്രമീകരിക്കുന്നതു വരെ അധികമായി ചെലവഴിച്ച 12437/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 സുഭിക്ഷ കേരളം തരിശ് വാഴകൃഷി വികസനം- ഗുണഭോക്താവിന് അധിക തുക നല്കി.

പ്രോജക്ട് നം.282

സുഭിക്ഷ കേരളം തരിശ് വാഴകൃഷി വികസനം

അടങ്കൽ-വികസന ഫണ്ട്- 70000/-രൂപ

ചെലവ്- വികസന ഫണ്ട്- 46780/-രൂപ

(1.ട്രഷറി ബിൽ നം. 55 തീ.15.03.2021-41780/-രൂപ

2.ട്രഷറി ബിൽ നം. 56തീ.27.03.2021-5000/-രൂപ)

ഈ പദ്ധതി പ്രകാരം തൻവർഷം തരിശു ഭൂമിയിൽ വാഴകൃഷി നടത്തിയ 9 കർഷകർക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ)നം.1009/2020/ത.സ്വ.ഭ.വ തീ.29.05.2020 ഖണ്ഡിക 2.1 പ്രകാരം തരിശു ഭൂമിയിൽ വാഴ കൃഷി നടത്തുന്ന കർഷകനു അനുവദിക്കാവുന്ന പരമാവധി സഹായം ഒരു ഹെക്ടറിന് 32000/-രൂപയാണ്. ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ റ്റി.എ.അബ്ദുൾ ഖാദർ എന്ന വ്യക്തി ലഭ്യമാക്കിയ കരം ഒടുക്കിയ രസീതിന്റെ പകർപ്പ് പ്രകാരം ടിയാൻ 1 ഏക്കറിലാണ് കൃഷി നടത്തിയതെന്ന് കാണുന്നു. മേൽ ഉത്തരവ് പ്രകാരം 1 ഏക്കർ തരിശു ഭൂമിയിൽ വാഴകൃഷി നടത്തുന്നതിന് അനുവദിക്കാവുന്ന ആനുകൂല്യം 12950/-രൂപ മാത്രമാണ്. എന്നാൽ ടിയാന് ഈ പദ്ധതി പ്രകാരം 25600/-രൂപ അനുവദിച്ചു നല്കിയിരിക്കുന്നു.

അധികമായി തുക നല്കാനിടയായ സാഹചര്യം ഓഡിറ്റിൽ വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29 തീയതി 21.12.2021) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദേശങ്ങൾക്കു വിരുദ്ധമായി ഗുണഭോക്താവിന് അധികമായി നല്കിയ തുക 12650/-രൂപ പരിശോധന നടത്തി ആനുകൂല്യത്തിന് ശുപാർശ ചെയ്ത കൃഷി അസിസ്റ്റന്റ്, ആനുകൂല്യം അനുവദിച്ച കൃഷി ഓഫീസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി ആർ.ഒ.പി-യായി വികസന ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-34 ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയ തുക അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാത്തത് സംബന്ധിച്ച്.

പ്രോജക്ടിന്റെ പേര് : തെങ്ങു കൃഷി വികസനം

പ്രോജക്ട് നം. : 176

അടങ്കൽ : വികസന ഫണ്ട്- 242625/-

ചെലവ് : 242625/- (1.ബിൽ നം.1 തീ.20.04.2020-49000/-രൂപ

2.ബിൽ നം.2 തീ.20.04.2020-45000/-രൂപ

3.ബിൽ നം.16 തീ.21.05.2020-38000/-രൂപ

4.ബിൽ നം.17 തീ.21.05.2020-36000/-രൂപ

5.ബിൽ നം.18 തീ.21.05.2020-36000/-രൂപ

6.ബിൽ നം.19 തീ.21.05.2020-33000/-രൂപ

7.ബിൽ നം.22 തീ.22.05.2020-5625/-രൂപ )

അരൂർ ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം തെങ്ങ് കൃഷി വികസനം പദ്ധതി പ്രകാരം കേടായ തെങ്ങ് വെട്ടി മാറ്റിയ വകയിൽ സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29 തീ.21.12.2021) കൃഷി ഓഫീസർ നല്കിയ മറുപടി ചുവടെ ചേർക്കുന്നു.

"അരൂർ ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം തെങ്ങ് കൃഷി വികസനം പദ്ധതി പ്രകാരം കേടായ തെങ്ങ് വെട്ടി മാറ്റിയ വകയിൽ സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ടി തുക ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് അറിയുന്നത് സൂചന ഓഡിറ്റ് എൻക്വയറി ലഭ്യമായതിനു ശേഷം മാത്രമാണ്. ഈ ഗുണഭോക്താക്കളാരും തന്നെ തുക ലഭ്യമാകാതിരുന്നതു സംബന്ധിച്ച് കൃഷിഭവനിൽ അറിയിച്ചിരുന്നില്ല. മറ്റ് പദ്ധതികൾ പ്രകാരം നല്കിയ തുകകൾ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടാത്തത് സംബന്ധിച്ച് ഗുണഭോക്താക്കൾ പരാതി അറിയിച്ചതിനെത്തുടർന്ന് പരിഹാര നടപടികൾ സ്വീകരിക്കുകയും പ്രസ്തുത തുകകൾ അവർക്ക് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ട്രഷറി ബില്ലുകൾ/ട്രഷറി ചെക്കുകൾ മുഖേന അക്കൌണ്ടുകളിലേയ്ക്കു നല്കുന്ന തുകകൾ ഇത്തരത്തിൽ റിട്ടേൺ ആകുമ്പോൾ സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങളെ കുറിച്ച് വ്യക്തമായ നിർദേശങ്ങളൊന്നും പദ്ധതി നിർവഹണ കാലയളവിൽ ഉണ്ടായിരുന്നില്ല. ട്രഷറി ഡയറക്ടറുടെ 08.12.2021-ലെ 22-ാം നമ്പർ (നം.TRY/1209/2020/E1) സർക്കുലറിലൂടെ റിട്ടേൺ ആകുന്ന തുകകളുടെ കാര്യത്തിൽ ഡി.ഡി.ഒ മാർ സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങളെ കുറിച്ചുള്ള നിർദേശങ്ങൾ പുറപ്പെടുവിച്ചപ്പോൾ മാത്രമാണ് ഇത്തരത്തിലുള്ള കാര്യങ്ങളെക്കുറിച്ച് ധാരണ ലഭിക്കുന്നത്. മേൽ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നല്കിയ തുകയിൽ റിട്ടേൺ ആയ തുകകൾ വികസന ഫണ്ട് ശീർഷകത്തിലേയ്ക്ക് തിരികെ പോയിട്ടുള്ളതിനാൽ ഈ തുക ഗുണഭോക്താക്കൾക്ക് ലഭ്യമാകില്ലായെന്നാണ് ട്രഷറിയിൽ നിന്നും അറിയാൻ കഴിഞ്ഞത്".

| ക്രമ നം. | ഗുണഭോക്താവ് | UTR നം. | തുക |
|---|---|---|---|
| 1 | ഭാർഗ്ഗവി വേലായുധൻ | U000000788678782 | 1000 |
| 2 | സന്തോഷ്.റ്റി.വി | U000000780637242 | 1000 |
| 3 | ജേക്കബ് മാനുവൽ | U000000788415632 | 3000 |
| 4 | ജോസഫ്.വി.എസ് | U000000788415696 | 2000 |
| 5 | കെ.കെ. രാജു | U000000788415642 | 1000 |
| 6 | കെ.പി.വിൻസന്റ് | U000000788415646 | 3000 |
| 7 | വേണു.എസ്.പി | U000000788678784 | 1000 |
| 8 | വിദ്യാധരൻ.കെ.കെ | U000000780637190 | 3000 |
| ആകെ | | | 15000 |

മേൽ സർക്കുലറിൽ ട്രഷറിയിൽ നിന്നും ബിൽ മുഖാന്തിരം മാറുന്ന തുകകൾ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സസ്പെൻസ് അക്കൌണ്ടിലേയ്ക്ക് നീക്കപ്പെടുകയും നിശ്ചിത കാലയളവിന് ശേഷം അതത് ശീർഷകത്തിലേയ്ക്ക് തിരികെ ക്രഡിറ്റ് ചെയ്യുകയും ചെയ്യുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. ഇത്തരത്തിൽ മേൽ ബില്ലുകൾ പ്രകാരം മാറിയ തുകകളിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതിരുന്ന തുക അതത് ഹെഡ് ഓഫ് അക്കൌണ്ടിലേയ്ക്ക് തിരികെ പോയിട്ടുള്ളതിനാൽ ഗുണഭോക്താക്കൾക്ക് ലഭ്യമാവാനുള്ള സാഹചര്യമില്ലായെന്ന മറുപടി അംഗീകരിക്കുന്നു. ഭാവിയിൽ ഇത്തരത്തിൽ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതെ വരുന്ന തുകകൾ യഥാസമയം ട്രഷറി അധികാരികളെ അറിയിച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ- മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ- 9/21 അടങ്കൽ 350000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

2020-21ൽ സെക്രട്ടറി നടപ്പിലാക്കിയ ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (എൻ.എച്ച്.എം) ഹോമിയോപ്പതി മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതി പ്രകാരം ബിൽ നമ്പർ 57/28.9.2020 അനുസരിച്ച് 350000/-രൂപ കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 189684/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 160316/-രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/20.12.21) മറുപടി ലഭ്യമാക്കിയില്ല. ഇനിയും ലഭിക്കുവാനവശേഷിക്കുന്ന 160316/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലഭിക്കുവാനവശേഷിക്കുന്ന മരുന്നുകൾക്കായി മുൻകൂർ നൽകിയ 160316/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ -- രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

വി.ഇ.ഒ അരൂർ സർക്കിൾ 2020-21 വർഷം നിർവ്വഹണം നടത്തിയ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ എന്ന പദ്ധതിയ്ക്കായി 2019-20 വർഷം പ്രോ.നം 20/2020 പ്രകാരം 36,45,000 രൂപയും 2020-21 വർഷം പ്രോ.നം 269/21 പ്രകാരം 10,65,000 രൂപയും ഉൾപ്പെടെ ആകെ 47,10,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് മേൽ പ്രോജക്ട് പ്രകാരം ആകെ 30,000 രൂപയാണ് ഭവന പുനരുദ്ധാരണത്തിനായി നൽകുന്നത്. ഇതിൽ 15000 രൂപ അഡ്വാൻസായും ശേഷിക്കുന്ന 15000 രൂപ നിർമ്മാണം പൂർത്തിയാക്കിയതിന് ശേഷവുമാണ് നൽകുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ അപേക്ഷകളും സബ്സിഡി വിതരണ രജിസ്റ്ററും പരിശോധിച്ചതിൽ ആകെ 158 ഗുണഭോക്താക്കളാണ് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്. 147 പേർ മുഴുവൻ തുകയും കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കിയതായും 11 പേർ ഒന്നാം ഗഡു മാത്രം കൈപ്പറ്റിയതായും രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു. ആകെ ചെലവഴിച്ച തുകയും രജിസ്റ്ററിലെ ഗുണഭോക്താക്കളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം ആകെ ചെലവ് 45,75,000 രൂപയാണ് വരേണ്ടത് (147 * 30,000 + 11 * 15,000). എന്നാൽ യഥാർത്ഥ ചെലവ് 47,10,000 രൂപയാണ്. ആനുകൂല്യം കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളുടേയും പേരുവിവരം വിതരണ രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാലും അവരുടെ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാലും 1,35,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറി നം 28/21.12.2021ന് മറുപടി ലഭ്യമാക്കിയില്ല.

ചെലവ് വിവരം-

01/21.5.2020 – 75,000/-

03/29.5.2020 – 15,000/-

തനത് ഫണ്ട് – 9,75,000/- (ചെക്ക് നം.939567/12.02.2021)

ഒന്നാം ഗഡു മാത്രം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരുവിവരം

| ക്രമ നം. | പേര് | വാർഡ് |
|---|---|---|
| 01 | തങ്കമണി, മറ്റത്തിൽച്ചിറ | 04 |
| 02 | കണ്ണൻ, മുക്കാപറമ്പ് | 07 |
| 03 | സരള, കാർത്തിക ഭവനം | 07 |
| 04 | ജോസി, മറ്റത്തിൽച്ചിറ | 11 |
| 05 | ദേവു മന്മഥൻ, മുളക്കപ്പറമ്പ് | 11 |
| 06 | ലാലൻ വാടാശ്ശേരി | 11 |
| 07 | അബൂബക്കർ, മുല്ലേത്ത് വീട് | 13 |
| 08 | ചിത്തൻ കരുണാകരൻ | 14 |
| 09 | വസുമതി രാജൻ, പനത്തറ | 15 |
| 10 | പേളി ജോസഫ്, ചക്കാലാപറമ്പ് | 16 |
| 11 | മിനി ലാലു തോട്ടിൽ പറമ്പിൽ | 16 |

അഡ്വാൻസ് തുക മാത്രം കൈപ്പറ്റി നിർമ്മാണം തുടങ്ങാത്ത മേൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം അഡ്വാൻസായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 ഔദ്യോഗിക ചടങ്ങുകളുടെ ഫോട്ടോ ആൽബം തയ്യാറാക്കൽ -- പഞ്ചായത്തിന് അധിക ബാധ്യത.

അരൂർ ഗ്രാമപഞ്ചായത്ത് 2018, 2019, 2020 വർഷങ്ങളിൽ സംഘടിപ്പിച്ച വിവിധ ഔദ്യോഗിക ചടങ്ങുകളുടെ ഭാഗമായി എടുത്തിട്ടുള്ള ഫോട്ടോകൾ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കി നൽകിയതുമായി ബന്ധപ്പെട്ട് അരൂർ ജി.എ. സ്റ്റുഡിയോ ഉടമ ശ്രീ.പി.ആർ.കൃഷ്ണകുമാർ താഴെപറയും പ്രകാരം 42,850 രൂപയുടെ ബില്ല് പഞ്ചായത്തിൽ നൽകിയിട്ടുണ്ട്.

ബിൽ നം 129/29.12.2020 – 18,850 രൂപ (2020 ലെ ഫോട്ടോ ആൽബം)

ബിൽ നം 119/3.11.2020 – 9200 രൂപ (2019ലെ ഫോട്ടോ ആൽബം)

ബിൽ നം 117/6.10.2020 – 14,800 രൂപ (2018ലെ ഫോട്ടോ ആൽബം)

ശ്രീ.പി.ആർ.കൃഷ്ണകുമാർ ഹാജരാക്കിയ ബിൽ പ്രകാമുള്ള തുക നൽകുന്നതിന് 19.1.2021ലെ ഭരണ സമിതി തീരുമാന (നം 13(11) പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം 22001079/21.1.2021 പ്രകാരം 33,650 രൂപയും വൗച്ചർ നം 22000888/10.12.2020 പ്രകാരം 9,200 രൂപയും ടിയാന് നൽകിയിട്ടുണ്ട്. ആൽബം തയ്യാറാക്കുന്നതിന് മുന്നോടിയായി ഇതിന്റെ നിരക്ക് സംബന്ധിച്ച് സ്റ്റുഡിയോ ഉടമയുമായി കൂടിയാലോചന നടത്തി നിരക്ക് നിർണ്ണയിച്ചതിന്റെ രേഖകൾ വൗച്ചർ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. സ്റ്റുഡിയോ ഉടമ ഹാജരാക്കിയ ബില്ല് അതേപടി അംഗീകരിച്ച് തുക നൽകുകയാണ് ചെയ്തിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഓരോ ആൽബത്തിലും എത്ര ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നോ, ആയതിന്റെ നിരക്ക് എത്രയാണെന്നോ ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. 2018, 2019, 2020 വർഷങ്ങളിൽ നടന്നിട്ടുള്ള ഔദ്യോഗിക ചടങ്ങുകൾക്ക് അതത് സമയം ഫോട്ടോ എടുത്തതിന് സ്റ്റുഡിയോ ഉടമയ്ക്ക് തുക അനുവദിച്ചിട്ടുള്ളതാണ്. ഉദാഹരണത്തിന് 2019ലെ ഫോട്ടോ ആൽബത്തിൽ ഉൾപ്പെട്ടിട്ടുള്ള ഹരിത കർമ്മസേന ഉദ്ഘാടന ചടങ്ങുകളുടെ ഫോട്ടോ ചാർജ്ജിനത്തിൽ 4000 രൂപയും 2020ലെ പുതിയ ഭരണ സമിതിയുടെ സത്യപ്രതിജ്ഞ, ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ സംഗമം, വർക്കിംഗ് ഗ്രൂപ്പ് യോഗം മുതലായ പരിപാടികളുടെ ഫോട്ടോ എടുത്തതിന് 12,250 രൂപയും ജി.എ. സ്റ്റുഡിയോ ഉടമയ്ക്ക് നൽകിയിട്ടുള്ളതാണ്. വർഷങ്ങൾ കഴിഞ്ഞ് ഇതേ ഫോട്ടോകൾ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുന്നതിന് വീണ്ടും തുക ചെലവഴിക്കുന്നത് പഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണ്. ഈ വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 വരുമാന നികുതി ഈടാക്കിയതിൽ കുറവ്.

പ്രോജക്ട് നമ്പർ 159/21 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ 4,00,000. (വികസന ഫണ്ട് ജനറൽ- 200000/-, ധനകാര്യ കമ്മീഷൻ ഗ്രാന്റ് -200000/-)

ബിൽ നമ്പർ 1. 39/28.8.20 – 200000/-,

2. 72/19.11.20 – 150000/-

3. 113/24.3.21 - 46500/- ആകെ 3,96,500/-

2020-21ൽ സെക്രട്ടറി നടപ്പിലാക്കിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിപ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആൽഫനെറ്റ് സിസ്റ്റംസ് ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും 3,96,500/- രൂപ ചെലവഴിച്ച് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ മേൽ ബില്ലുകൾ പ്രകാരം തുക നൽകിയപ്പോൾ വരുമാന നികുതിയിനത്തിൽ 1%തുക 3965/- രൂപ മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. ഇൻകം ടാക്സ് ആക്ട് 194J പ്രകാരം സ്ഥാപനങ്ങളിൽ നിന്നും 2%തുക വരുമാന നികുതിയിനത്തിൽ ഉറവിടത്തിൽ കുറവ് ചെയ്യേണ്ടതാണ്. വരുമാന നികുതിഈടാക്കിയതിൽ കുറവ് വന്ന 3965/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/20.12.21) മറുപടി ലഭ്യമാക്കിയില്ല.

## 1-39 വിവിധ ഫണ്ടുകളിൽ തുക ചെലവഴിക്കപ്പെടാതവശേഷിക്കുന്നത് സംബന്ധിച്ച്.

അരൂർ ഗ്രാമ പഞ്ചായത്തിന്റെ 2021 മാർച്ച് 31-ലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ ഷെഡ്യൂൾ B-4 പ്രകാരം താഴെ പറയും പ്രകാരം ഉള്ള ഫണ്ടിനങ്ങളിൽ ബാധ്യത നിലനില്ക്കുന്നതായി കാണുന്നു.

| ക്രമ നം. | ഫണ്ടിനം | തുക (രൂപ) |
|---|---|---|
| 1. | Centrally Sponsored Scheme- NREGA | 679217.50 |
| 2. | Centrally Sponsored Scheme- Integrated Child Development Scheme (ICDS) | 2285973 |
| 3. | Literacy Scheme Grant | 515066 |
| 4. | Grant For Shelter Homes/Rescue Shelters | 140000 |
| 5. | Grant From Suchithwa Mission | 5042588 |
| 6. | Grants, Funds & Contributions For Specific Purposes Other Than Development Fundand State Sponsored Scheme. | 2040000 |
| 7. | Grants, Funds & Contributions For Specific Purposes Other Government Agencies | 2241640 |
| 8. | Contributions For Joint Venture Projects (For Capital Expenditure) From Block Panchayaths | 96447 |
| 9. | Contributions For Joint Venture Projects (For Capital Expenditure) From District Panchayaths | 314959 |
| 10. | Contributions For Joint Venture Projects (For Revenue Expenditure) From Block Panchayaths | 580620 |

| | | |
|---|---|---|
| 11 | Contributions For Joint Venture Projects (For Revenue Expenditure) From District Panchayaths | 3538864 |
| 12. | Beneficiary Contribution | 545640 |
| 13 | Other Grants, Funds & Contributions For Specific Purposes- Capital | 384540 |

മേൽ തുകകൾ അതത് മേഖലകളിൽ ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഫണ്ടുകൾ യഥാസമയം നിർണയിക്കപ്പെട്ട ആവശ്യങ്ങൾക്കായി ചെലവഴിക്കാൻ സാധിക്കുന്നില്ലായെങ്കിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-40 കൂടുതൽ അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | എൻ.എച്ച് - അൽ അമീൻ മെറ്റലിംഗ് ,ടാറിംഗ് |
| പ്രോജക്ട് നമ്പർ | S0336/20 |
| അടങ്കൽ | 9 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | വരദകുമാർ |
| അളവു പുസ്തകം | 64/ARR/19-20 |
| ചെലവു വിവരം | ബിൽ നമ്പർ 53/17-11-20 രൂപ 587838/-<br>ബിൽ നമ്പർ 71/22-02-21 രൂപ 53629/-<br>ചെക്ക് നം. 415437/18-03-21 |

മേൽ പ്രവൃത്തിയിൽ 270 മീറ്ററിൽ മാത്രമാണ് സ്കാരിഫൈയിംഗ് ചെയ്ത് ഗ്രാനലാർ സബ് ബേസ് നിർമ്മിച്ച് WMM ചെയ്തിരിക്കുന്നത്. എന്നാൽ ടാറിംഗ് ചെയ്തതായി കാണിച്ചിരിക്കുന്നത് 275 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലുമാണ്. ടാറിംഗിന് മുമ്പേ ചെയ്യേണ്ട ഇനങ്ങൾ 270 മീറ്റർ നീളത്തിൽ മാത്രം ചെയ്തിട്ടുള്ളതിനാൽ ടാറിംഗിന് അനുവദനീയമായ നീളം 270 മീറ്റർ മാത്രമാണ്. അധികം ചെയ്തതായി കാണിച്ചിരിക്കുന്ന അളവും തുകയും ചുവടെ കൊടുക്കുന്നു.

| ഇനം | അളവ് | തുക |
|---|---|---|
| പ്രൈം കോട്ട് | (275-270) X 3 = 15m2 | 15 X 58.59 = 878.85 |
| ടാക് കോട്ട് | 15m2 | 15 X 13.52 = 202.80 |
| 20mm ചിപ്പിംഗ് കാർപെറ്റ് | 15m2 | 15 X 154.98 = 2324.70 |
| സീൽ കോട്ട് | 15m2 | 15 X 67.49 = 1012.35 |
| ആകെ | | 4418.70<br>(+) GST 12%-530.24<br>4948.94 |

അധികം നൽകിയ 4949 /-രൂപ കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അളവു രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (8/20.12.21)ക്ക് മറുപടി നൽകിയില്ല.

## 1-41 WMM ചെയ്തതിന്റെ അളവ് കൂടുതലായി അനുവദിച്ചു

1.

| | |
|---|---|
| പ്രോജക്ട് | അമ്മനേഴം പൂജപ്പുര ലിങ്ക് റോഡ് മെറ്റലിംഗ് ടാറിംഗ് |
| പ്രോജക്ട് നമ്പർ | S0383/20 |
| അടങ്കൽ | 4ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | സാബു പി.എൽ |
| അളവു പുസ്തകം | 26/ARR/20-21 |
| ചെലവു വിവരം | ബിൽ നമ്പർ 74/27-02-21 രൂപ 345522/- |

നിലവിലുള്ള പൊട്ടിപൊളിഞ്ഞുപോയ ടാറിംഗ് റോഡിന്റെ 125മീറ്റർ നീളം 3മീറ്റർ വീതിയിൽ സ്കാരിഫൈയിംഗ് ചെയ്ത് 0.15 മീറ്റർ കനത്തിൽ Wmm ചെയ്ത് ടാർ ചെയ്യുന്നതിനുള്ള ഇനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. .നിലവിലുള്ള റോഡിന്റെ 120 മീറ്റർ നീളം 3 മീറ്റർ വീതിയിലാണ് സ്കാരിഫൈ ചെയ്ത് Wmm ചെയ്തിരിക്കുന്നത്. WMM ചെയ്തതിന്റെ ഫൈനൽ ലെവൽസ് പ്രകാരം വരുന്ന അളവ് 60.769 M3 എന്നത് എസ്റ്റിമേറ്റ് അളവായ 56.25 M3 ൽ ക്ലിപ്തപ്പെടുത്തി @3229.09 നിരക്കിൽ 181636/- രൂപ അനുവദിച്ചിട്ടുണ്ട്. 56.25 M3(125 X3 X0.15) അളവ് എന്നത് 125 മീറ്റർ നീളം 3 മീറ്റർ വീതിയിൽ Wmm ചെയ്യുന്നതിനുള്ള അളവാണ്. ടി പ്രവൃത്തിയിൽ 120 മീറ്റർ നീളം 3 മീറ്റർ വീതിയിൽ മാത്രം Wmm ചെയ്തിരിക്കുന്നതിനാൽ അനുവദനീയമായ അളവ് 54m3 ( 120x3x0.15) ആണ്. കൂടുതൽ അളവ് അനുവദിച്ചത് മൂലം അധികം നൽകാനിടയാക്കി. അധികം നൽകിയത് - 56.25-54 = 2.25 M3

2.25 M3 @3229.09 =7265 + 872 (Gst12%) = 8137

അധികം നൽകിയ 8137/- രൂപ കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഇടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.8/20-21) ക്ക് മറുപടി നൽകിയില്ല.

2

| | |
|---|---|
| പ്രോജക്റ്റ് | വിലങ്ങൂർ പള്ളിയറക്കാവ് റോഡ് റീടാറിംഗ് |
| പ്രോജക്റ്റ് നമ്പർ | S0170/20 |
| അടങ്കൽ | 4.9 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | എബ്രഹാം പി.വി |
| അളവു പുസ്തകം | 29/ARR/19-20 ,8/ARR/19-20 |
| ചെലവു വിവരം | ബിൽ നമ്പർ 5/17-04-20 രൂപ 489011/- |

147 മീറ്റർ നീളം 3 മീറ്റർ വീതിയിൽ നിലവിൽ തകർന്ന് കുഴികളായി കിടക്കുന്ന റോഡ് സ്കാരിഫൈയിംഗ് ചെയ്ത ശേഷം ക്വാറിമക്കിട്ട് ഉയർത്തി 0.15 മീറ്റർ കനത്തിൽ Wmm ചെയ്തതിന് മുകളിൽ ടാറിംഗ് നടത്തുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്147 മീറ്റർ നീളം 3 മീറ്റർ വീതിയിൽ സ്കാരിഫൈയിംഗ് ചെയ്ത് 0.10 മീറ്റർ കനത്തിൽ ക്വാറിമക്കിട്ട് ഉയർത്തിയിട്ടുണ്ട്.wmm ചെയ്തതിന് ഫൈനൽ ലെവൽസ് പ്രകാരം വരുന്ന അളവായ 66.150m3 ന് @3229.09 നിരക്കിൽ 213604 /- രൂപ അനുവദിച്ചിട്ടുണ്ട്. ഫൈനൽ ലെവൽ ക്വാണ്ടിറ്റി കാൽക്കുലേഷൻ ഷീറ്റ് പ്രകാരം Wmm ചെയ്തിരിക്കുന്നത് ചെയിനേജ് 112 മീറ്റർ മുതൽ 250 മീറ്റർ വരെയാണ്. അതായത് 139 മീറ്റർ നീളം . 139മീറ്റർ നീളം 3 മീറ്റർ വീതിയിൽ 0.15 മീറ്റർ കനത്തിൽ Wmm ചെയ്യുന്നതിന് ആവശ്യമായ അളവ് 62.55m3 (139x3x0.15) ആണ്. കൂടുതൽ അളവ് അനുവദിച്ചത് അധികം നൽകാനിടയാക്കി. അധികം നൽകിയത് - 66.150-62.55 = 3.60 M3

3.60 M3 @3229.09 =11625 + 1395 (Gst12%)=13020/-

അധികം നൽകിയ 13020/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.8/20-21) ക്ക് മറുപടി നൽകിയില്ല.

3

| | |
|---|---|
| പ്രോജക്റ്റ് | തയ്യിൽ റോഡ് നിർമ്മാണവും മെറ്റലിംഗും ടാറിംഗും |
| പ്രോജക്റ്റ് നമ്പർ | S0464/21 |
| അടങ്കൽ | 7 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | സാബു പി. എൽ |
| അളവു പുസ്തകം | 60/ARR/20-21 |
| ചെലവു വിവരം | ഉത്തരവ്നമ്പർ 807/27-03-21 രൂപ 232532/-<br>ഉത്തരവ്നമ്പർ 795/26-03-21 രൂപ 444398/- |

175 മീറ്റർ നീളം 3 മീറ്റർ വീതിയിൽ റോഡ് സ്കാരിഫൈയിംഗ് ചെയ്ത ശേഷം 0.10 മീറ്റർ കനത്തിൽ ഗ്രാനുലാർ സബ് ബേസ് തയ്യാറാക്കി 0.15 മീറ്റർ കനത്തിൽ Wmm ചെയ്യുന്നതിനും ടാറിംഗ് നടത്തുന്നതിനും ലക്ഷ്യമിടുന്നു. ടി പ്രവൃത്തിയിൽ 170.80 മീറ്റർ നീളം 3 മീറ്റർ വീതിയിൽ സ്കാരിഫൈയിംഗ് ചെയ്ത് ( അളവു പുസ്തകം 60/ARR/20-21 ) ഇതേ അളവിലാണ് ഗ്രാനുലാർ സബ് ബേസ് നിർമ്മിച്ചിരിക്കുന്നത്. ഇതിന് പുറമേ Wmm ചെയ്തതിന് ഫൈനൽ ലെവൽസ് ക്വാണ്ടിറ്റി പ്രകാരം 78.750m3 ന് @3229.09 നിരക്കിൽ 254291/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ക്വാണ്ടിറ്റി കാൽക്കുലേഷൻ പരിശോധിച്ചതിൽ അളവ് കാണിച്ചിരിക്കുന്നത് 175മീറ്റർ നീളം 3 മീറ്റർ വീതിയിൽ ചെയ്യുന്നതിനുള്ളതാണ്. റോഡ് ടാറിംഗിന്റെ എല്ലാ ഇനങ്ങളും (സ്കാരിഫൈയിംഗ്, GSB, ടാറിംഗ് ) ചെയ്തിരിക്കുന്നത്170.80 മീറ്റർ നീളം 3 മീറ്റർ വീതിയിലായതിനാൽ Wmm ചെയ്തതിന് അനുവദിക്കാവുന്ന അളവ് 76.86 M3 (170.8x3x0.15) നാണ്.കൂടുതൽ അളവ് അനുവദിച്ചത് അധികം നൽകാനിടയാക്കി. അധികം നൽകിയത് - 78.75 – 76.86 = 1.89 M3

1.89 M3 @3229.09 =6103+ 732 (Gst12%)= 6835/-

അധികം നൽകിയ 6835/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (8/20.12.21) ക്ക് മറുപടി നൽകിയില്ല.

## 1-42 ടാർവീപ്പയുടെ വില കുറവു ചെയ്തില്ല

| | |
|---|---|
| പ്രോജക്റ്റ് | ശ്രമദാനം റോഡ് മെറ്റലിംഗ് ടാറിംഗ് |
| പ്രോജക്റ്റ് നമ്പർ | S064/21 |
| അടങ്കൽ | 9.45 ലക്ഷം |

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ഫെബിൻ വി.ജെ |
| അളവു പുസ്തകം | 79/ARR/20-21 ,35/ARR/20-21 |
| ചെലവു വിവരം | ഉത്തരവ്നമ്പർ 806/27-03-21 രൂപ 110042/-<br>ബിൽ നമ്പർ 91/29-03-21 രൂപ 801000/- |

എ) ക്വട്ടേഷൻ അംഗീകരിക്കുന്നതിനു മുമ്പേ സൈറ്റ് കൈമാറി

ടി പ്രവൃത്തിക്ക് ഓഫർ ക്വട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ.ഫെബിൻ വി.ജെ യുടെ ക്വട്ടേഷൻ 05-09-20 ൽ നടന്ന സ്റ്റിയറിംഗ് കമ്മിറ്റിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 08-09-20 ൽ AE/LSGD /ARR/18-19 കത്ത് പ്രകാരം സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ കരാർ പരിശോധിച്ചതിൽ കരാർ വെച്ചിരിക്കുന്നതും സൈറ്റ് ഹാന്ഡ് ഓവർ ചെയ്തിരിക്കുന്നതും 26-08-20 നാണ്.(കരാർ നം - 26/AEE/LSGD/ARR/20-21 തീയതി 26-08-20). കരാറുകാരൻ ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത് 25.08.2020-ൽ ആണ്. 25-08-20 ൽ ക്വട്ടേഷൻ സമർപ്പിച്ചതിന്റെ അടുത്ത ദിവസം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്നതിന് മുമ്പേ കരാർ വെച്ചിരിക്കുന്നതും സൈറ്റ് ഹാൻഡ് ഓവർ ചെയ്തിരിക്കുന്നതും ശരിയായ നടപടിയല്ല.

ബി)ഈ പ്രവൃത്തിയിൽ ഉപയോഗിച്ച S-65, SS1, RS1 ന്റെ അളവ് യഥാക്രമം 1152 Kg, 464 Kg, 150kg എന്നിങ്ങനെയാണ്. എന്നാൽ ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ടാർവീപ്പയുടെ വില കുറവു ചെയ്തിട്ടില്ല. കുറവു ചെയ്യേണ്ട ടാർവീപ്പയുടെ വില 3372/- (12 @281). ഈ തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഇടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/20-21) മറുപടി നൽകിയില്ല.

## 1-43 നിശ്ചിത തീയതിക്കകം കരാർ വെക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല.

1

| | |
|---|---|
| പ്രോജക്ട് | വള്ളവനാട് പനത്തറ റോഡ് മെ റ്റലിംഗ് ടാറിംഗ് കളത്തിൽ തറേപ്പറമ്പിൽ ന ടവഴി കോൺക്രീറ്റിംഗ് |
| പ്രോജക്ട് നമ്പർ | S0139/20 |
| അടങ്കൽ | 5.15 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | സാബു. പി.എൽ |
| അളവു പുസ്തകം | 78/ARR/19-20 |
| ചെലവു വിവരം | ബിൽ നമ്പർ 72/09-03-21രൂപ 134579/-<br>ബിൽ നമ്പർ 49/25-10-20 രൂപ 336650/- |
| കരാർ തുക | 514948 |

അസിസ്റ്റന്റ് എഞ്ചിനീയറുടെ 15-01-2020 ലെ AE/LSGD/ARR/18-19 നമ്പർ സെലക്ഷൻ നോട്ടീസ് പ്രകാരം നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ അതായത് 31-01-2020 തീയതിക്കകം കരാർ വെക്കുവാൻ കരാറുകാരനായ ശ്രീ. സാബു പി.എൽ ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി തീയതിക്കകം കരാർ വെക്കാത്തപക്ഷം 1% പിഴയോടുകൂടി കരാർ വെക്കുന്നതിന് 10ദിവസത്തേക്കു കൂടി സാവകാശം ലഭിക്കുന്നതാണെന്നും നോട്ടീസിൽ അറിയിച്ചിട്ടുണ്ട്. ടിയാൻ ടി പ്രവത്തിക്ക് കരാർ വെച്ചിരിക്കുന്നത് 12-02-2020 ലാണ്. (എഗ്രിമെന്റ് നം 46/AEE/LSGD/ARR/19-20 തീയതി 12-02-20).നിശ്ചിത തീയതിക്കകം കരാർ വെക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല. ഈടാക്കേണ്ടുന്ന ഫൈൻ 5150/- ( 514948 @1%)ടി തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഇടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.9/20-21) ക്ക് മറുപടി നൽകിയില്ല.

2

| | |
|---|---|
| പ്രോജക്ട് | തോവങ്കാട്ട് ഭാഗം നടപ്പാത പുനരുദ്ധാരണവും ഡ്രെയിനേജും |
| പ്രോജക്ട് നമ്പർ | S0230/20 |
| അടങ്കൽ | 4.90 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | മുഹമ്മദ്. സി എസ് |
| അളവ് പുസ്തകം | 65/ARR/20-2`1 |
| ചെലവ് വിവരം | ബിൽ നമ്പർ 94/29-03-21 രൂപ 449678/- |
| കരാർ തുക | 488803 |

ടി പ്രവൃത്തിക്ക് ഓഫർ ക്വട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ. മുഹമ്മദ് സി.എസ് എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ചു. ഇതനുസരിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ 26-02-2020 ലെ AE/LSGD/ARR/18-19 നമ്പർ സെലക്ഷൻ നോട്ടീസ് പ്രകാരം നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ അതായത് 11-03-2020 തീയതിക്കകം കരാർ വെക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി തീയതിക്കകം കരാർ വെക്കാത്തപക്ഷം 1% പിഴയോടുകൂടി കരാർ വെക്കുന്നതിന് 10ദിവസത്തേക്കു കൂടി സാവകാശം ലഭിക്കുന്നതാണെന്നും നോട്ടീസിൽ അറിയിച്ചിട്ടുണ്ട്. ടിയാൻ ടി പ്രവത്തിക്ക് കരാർ വെച്ചിരിക്കുന്നത് 18-03-2020 ലാണ്.( എഗ്രിമെന്റ് നം 60/AEE/LSGD/ARR/19-20 തീയതി 18-03-20).നിശ്ചിത തീയതിക്കകം കരാർ വെക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല. ഈടാക്കേണ്ടുന്ന ഫൈൻ 4888/- (488803 @1%)ടി തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഇടാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (9/20.12.21)ക്ക് മറുപടി നൽകിയില്ല.

## 1-44 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|
| 1 | Kpms റോഡ് മെറ്റലിംഗ് ടാറിംഗ് | 2248 | റോഡു സംരക്ഷണ ഗ്രാന്റ് | 12/17-04-20 രൂപ 343330/- |
| 2 | ചക്യാമുറി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ് മെറ്റലിംഗ് ടാറിംഗ് | 4496 | റോഡു സംരക്ഷണ ഗ്രാന്റ് | 13/17-04-20രൂപ 226602/<br>12/05-04-19രൂപ 451261/ |
| 3 | വിലങ്ങൂർ പള്ളിയറക്കാവ് റോഡ് റീടാറിംഗ് | 3090 | റോഡു സംരക്ഷണ ഗ്രാന്റ് | 05/17-04-20രൂപ 489011/ |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. വികസന ഫണ്ട് /റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/20-21) ക്ക് മറുപടി നൽകിയില്ല.

## 1-45 ഉയർന്ന ഗ്രേഡിലുള്ള സിമന്റ് മോർടാർ ഉപയോഗിച്ചുള്ള കല്ലുകെട്ട് അധികച്ചെലവിനിടയാക്കുന്നു.

ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ 19-09-2016 ലെ 78/2016/fin നമ്പർ സർക്കുലർ പ്രകാരം RRM With Cm 1:6 ന് പകരം ഉയർന്ന ഗ്രേഡിലുള്ള സിമന്റ് മോർടാർ ഉപയോഗിച്ചുള്ള കല്ലുകെട്ട് സാമ്പത്തിക നഷ്ടത്തിനും പൊതുപണത്തിന്റെ ദുരുപയോഗമാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന പ്രവൃത്തികളിൽ RRM With Cm 1:6 ന പകരം RRM In Cm 1:4 ചെയ്തത് അധികച്ചെലവിനിടയാക്കുന്നു.

ഉദാ : (1)പൊന്നങ്ങാട്ട് ചെറുവള്ളി റോഡ് ടൈലിംഗ്

(2) വെട്ടുകാട് റോഡ് പുനരുദ്ധാരണം

ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ 19-09-2016 ലെ 78/2016/fin നമ്പർ സർക്കുലറിലെ നിർദ്ദേശം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/20-21) ക്ക് മറുപടി നൽകിയില്ല.

## 1-46 ഉപയോഗിച്ച കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്യാതെ തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | 1-ാം വാർഡിലെ 9-ാം നമ്പർ അങ്കൺവാടി മെയിന്റനൻസ് ചുറ്റുമതിൽ |
| പ്രോജക്ട് നമ്പർ | S0227/20 |
| അടങ്കൽ | 4.40ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അബിൻ ജോർജ്ജ് |
| അളവു പുസ്തകം | 41/ARR/19-20 |
| ചെലവു വിവരം | ബിൽ നമ്പർ15/17-04-20രൂപ 240000/- |

ചുറ്റുമതിൽ നിർമ്മാണത്തിനായി 2.80m3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണ് യാർഡിന്റെ താഴ്ന്ന ഭാഗങ്ങളിൽ വിരിച്ചിട്ടുണ്ടെന്ന് അളവുപുസ്തകം 41/ARR/19-20 പേജ് 2 ൽ അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.യാർഡ് ടൈൽ വിരിക്കുന്നതിന് മുമ്പായി Construction Of Embankment With Material Obtained From Borrow Pits എന്ന ഇനം 15.74m3 ന് @1022.81 നിരക്കിൽ 16099 /- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി അളവിൽ നിന്നും കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്യാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഇപ്രകാരം ചെയ്തതുവഴി 2864(2.80 @1022.81) +344 (Gst 12%) = 3208 രൂപ അധികം നൽകാനിടയായി.ടി തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഇടാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.11/20.12.21) ക്ക് മറുപടി നൽകിയില്ല.

## 1-47 ഫില്ലിംഗ് പ്രവൃത്തിയിൽ കൺസോളിഡേഷന് 10% കുറവു ചെയ്യാതെയുള്ള അളവിന് തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | ചക്യാമുറി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ് മെറ്റലിംഗ് ടാറിംഗ് |
| പ്രോജക്ട് നമ്പർ | S0159/20 |
| അടങ്കൽ | 7.50ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | സോമി ജോസഫ് |
| അളവു പുസ്തകം | 74/ARR/18-19,53/ARR/19-20 |
| ചെലവു വിവരം | ബിൽ നമ്പർ 3/17-04-20രൂപ 226602/12/05-04-19രൂപ 451261/ |

ചക്യാമുറി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ് മെറ്റലിംഗ് ടാറിംഗ് പ്രവൃത്തിയിൽ Construction Of Embankment With Approved Material Obtained From Borrow Pits എന്നയിനം 71.76 M3 ചെയ്തത് ടേപ്പ് മെഷർമെന്റിൽ രേഖപ്പെടുത്തി @920 നിരക്കിൽ 65964/- രൂപ അനുവദിച്ചിട്ടുണ്ട്. മേൽ അളവിവ് നിന്നും കൺസോളിഡേഷന് 10% ( ടേപ്പ് കറക്ഷൻ) കുറവ് ചെയ്യാതെയുള്ള അളവിനാണ് തുക അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം ചെയ്തതുവഴി 6606(7.18m3 @920) +793 (12%gst)= 7399/- രൂപ അധികം നൽകാനിടയായി. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.11/20-21) ക്ക് മറുപടി നൽകിയില്ല.

## 1-48 RCC യുടെ അളവ് കൂട്ടതൽ രേഖപ്പെടുത്തി തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | ടേക്ക് എ ബ്രേക്ക് (കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് ) |
| പ്രോജക്ട് നമ്പർ | S0474/21 |
| അടങ്കൽ | 12 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| അളവു പുസ്തകം | 69/ARR/20-21, 1/ARR/21-22 |
| ചെലവു വിവരം | അനുമതി ഉത്തരവ് നമ്പർ 725/17-03-21രൂപ 410171/- |

എ) ടി പ്രവൃത്തിയിൽ ഫൗണ്ടേഷൻ നിർമ്മിച്ചിരിക്കുന്നത് 30x20x15 Cm സ്പെസിഫിക്കേഷനിലുള്ള സോളിഡ് ബ്രിക്ക് മേസനറി ഉപയോഗിച്ചാണ്. ഫൗണ്ടേഷൻ നിർമ്മിച്ചിരിക്കുന്ന വീതി 20 Cm ആണ്. എന്നാൽ ഇതിനു പുറമേ ബെൽറ്റ് RCC (1:1.5:3)യിൽ നിർമ്മിച്ചിരിക്കുന്നതിന്റെ വീതി രേഖപ്പെടുത്തിയിരിക്കുന്നത്. 30Cm ആണ്. 20Cm വീതിയിൽ ഫൗണ്ടേഷൻ നിർമ്മിച്ചിരിക്കുന്നതിന് പുറമേ ബെൽറ്റ് നിർമ്മിക്കാവുന്ന വീതി 20cm ആണ് . അനുവദനീയമായ അളവിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| രേഖപ്പെടുത്തിയ അളവ് | യഥാർത്ഥത്തിൽ വരുന്ന അളവ് |
|---|---|
| 2x6.35x0.30x0.15 = 0.572 M3 | 2x6.35x0.20x0.15 = 0.381 M3 |
| 1x4.85x0.30x0.15 = 0.218 | 1x4.85x0.20x0.15 = 0.1455 |
| 2x6.05x0.30x0.15 = 0.545 | 2x6.05x0.20x0.15 = 0.363 |
| 1x3.60x0.30x0.15 = 0.162 | 1x3.60x0.20x0.15 = 0.108 |
| 1x3.35x0.30x0.15 = 0..151 | 1x3.35x0.20x0.15 = 0.100 |
| 1x1.90x0.30x0.15 = 0.086 | 1x1.90x0.20x0.15 = 0.057 |
| 1.734 M3 | 1.1545 M3 |

അധികം അനുവദിച്ചത് - 1.734 – 1.1545 = 0.579 @ 9241 /M3 = 5351 +642 ( 12% Gst) =5993/- അധികം നൽകിയ 5993/- കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഇടാക്കേണ്ടതാണ്

ബി) ടി പ്രവൃത്തിയിൽ കോളം നിർമ്മിക്കുന്നതിന് 93.717kg സ്റ്റീൽ റീഇൻഫോഴ്സ്മെന്റ് അനുവദിച്ചിട്ടുണ്ട്.എന്നാൽ ടി പ്രവൃത്തിയിൽ കോളം നിർമ്മിച്ചതായി കാണുന്നില്ല. അതിനാൽ അധികമായി നൽകിയ 93.717 Kg സ്റ്റീലിന്റെ തുക- 7872 (93.717 @84)+945 (12%gst ) = 8817/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.11/20-21) ക്ക് മറുപടി നൽകിയില്ല.

## 1-49 എർത്ത് വർക്ക് എക്സ് കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് | വാർഡ് 21 ലെ കുമ്പയിൽ തോട് പുനരുദ്ധാരണം |
| പ്രോജക്ട് നമ്പർ | S0306/20 |

| | |
|---|---|
| അടങ്കൽ | 3.01 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | സി.എസ്.മുഹമ്മദ് |
| അളവുപുസ്തകം | 88/ARR/19-20 |
| ചെലവുവിവരം | ബിൽ നമ്പർ 61/08-01-21രൂപ300000/- |
| സാങ്കേതികാനുമതിനമ്പർ | 51365/2019-20തീയതി 04-09-19 |

ടി പ്രവൃത്തിയിൽ തോടിന് പാർശ്വഭിത്തി നിർമ്മിക്കുന്നതിനും ആഴം കൂട്ടുന്നതിനും ലക്ഷ്യമിട്ടുന്നു. ഇതിന് എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m3 ആണ് (സ്പെസിഫിക്കേഷൻ കോഡ്-11.1.1.1). പാർശ്വഭിത്തി നിർമ്മിക്കുന്നതിനുള്ളഎർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 259.29/m3 ഉം (സ്പെസിഫിക്കേഷൻ കോഡ് -3.5.1) തോടിന് ആഴംകൂട്ടുന്നതിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 187.30/m3 (സ്പെസിഫിക്കേഷൻ കോഡ് -2.6.1) ഉം ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| അനുവദിച്ചത് | അനുവദനീയമായ തുക |
|---|---|
| പാർശ്വഭിത്തി നിർമ്മാണം--18.70m3 | പാർശ്വഭിത്തിനിർമ്മാണം--18.70m3 |
| തോട് ആഴം കൂട്ടൽ-----------90.30 | 18.70@259.29/m3=4849 |
| ആകെഅളവ്109m3 | തോട്ആഴംകൂട്ടൽക്ലിപ്തപ്പെടുത്തുന്നഅളവ്-68.528-18.70=49.828<br>M3<br>(പാർശ്വഭിത്തിനിർമ്മാണത്തിന് അനുവദിച്ചഅളവ്കുറച്ചതിന്ശേഷം) |
| ക്ലിപ്തപ്പെടുത്തി നൽകിയത്---68.528m3@553.17=37908/- | 49.828@187.30/m3=9333<br>ആകെ---14182/- |
| അധികംനൽകിയത്---37908-14182=23726+2847(12%gst)=26573/- | |

അധികം നൽകിയ തുക കരാറുകാരനിൽനിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/20-21) മറുപടി നൽകിയില്ല.

1-50 ഡ്രൈയിൻ നിർമ്മാണം/ സംരക്ഷണ ഭിത്തി നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്

കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു.

ഗ്രാമപഞ്ചായത്തിൽ തൻവർഷംചെയ്ത താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിലെ ഡ്രെയിൻ നിർമ്മാണത്തിനും സംരക്ഷണഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക്

553.17/m3(സ്പെസിഫിക്കേഷൻ കോഡ്-11.1.1.1).ആണ്. ഇത് എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് എന്നതിനുള്ള നിരക്കാണ്.ഡ്രെയിൻ നിർമ്മാണത്തിനും സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 259.29/m3(സ്പെസിഫിക്കേഷൻ കോഡ്-3.5.1) ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ സാങ്കേതികാനുമതി നമ്പർ | കരാറുകാരൻ | അനുദിച്ച തുക/ അളവുപുസ്തകം | അനുവദനീയ മായ തുക | അധികം നൽകിയ തുക | ചെലവ് വിവരം |
|---|---|---|---|---|---|---|
| 1 | പൊന്നങ്ങാട്ട് ചെറുവള്ളിറോഡ് ടൈലിംഗ്<br>50978/2019-20 തീയതി 09-08-20 | അഗസ്റ്റിൻ ഡിക്സൺ | 27.50m3 @553.17 =15212<br>73/ARR/20-21 | 27.50m3 @259.29 =7131 | 8081 | ബിൽ നം89/ 29-03-21 രൂപ10ലക്ഷം |
| 2 | കോൺവെന്റ് റോഡ് പൂർത്തീകരണം S0160/20<br>105873/2019-20തീയതി 23-01-20 | ജോസ് കുഞ്ഞ് | 14.70 M3@ 553.17 =8132<br>86/ARR/19-20 | 14.70m3 @259.29 =3812 | 4320 | ബിൽ നം. 52/ 12-11-20/ രൂപ 445667/- |
| 3 | ചാണിയിൽ ഉണ്ണിയമ്പലംറോഡ് കാന നിർമ്മാണം<br>49239/2019-20തീയതി 01-09-19 | ജോസ് കുഞ്ഞ് | 84.987m3 @553.17=47012<br>18/ARR/20-21 | 84.987 M3@259.29 = 22036 | 24976 | ബിൽ നം. 66/ 15-01-21/ രൂപ710000/- |
| 4 | ആലുങ്കൽ ഡ്രയിനേജ് പൂർത്തീകരണം<br>105992/2019-20 തീയതി 23-01-20 | ജോസുകുഞ്ഞ് | 31.76m3 @553.17=17569<br>93/ARR/19-20 | 31.76m3@259.29 =8235 | 9334 | ബിൽനം. 37/ 05-10-20 രൂപ406521/- |
| 5 | കോൺവെന്റ് റോഡ് നിർമ്മാണം S0414/20<br>56581/209-21 തീയതി 21-08-20 | ജോസ് കുഞ്ഞ് | 12.18m3@553.17=6738<br>36/ARR/20-21 | 12.18M3@259.29 =3158 | 3580 | ബിൽനം. 70/27-02-21 രൂപ381322/- |

| | | | | | | |
|---|---|---|---|---|---|---|
| 6 | കൊച്ചപുരക്കൽ തോട് പുനരുദ്ധാരണം 51310/2019-20തീയതി 04-09-19 | സി.എസ്.മുഹമ്മദ് | 14.82m3@553.17=8198 | 14.82m3@259.29 =3843 | 4355 | ബിൽ നം. 56/20-11-20 രൂപ100000/- |
| | | | ആകെ | | 54646 | |
| | | | 12% GSTഉൾപ്പെടെയുള്ള നഷ്ടം | | 6558 | |
| | | | മൊത്തം | | 61204 | |

അധികം നൽകിയ 61201-രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/20-21) മറുപടി നൽകിയില്ല.

## 1-51 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2020-21ൽ സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ | പരാമർശം |
|---|---|---|---|---|
| 1 | 83/21 വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 346578 | 12/15.6.20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 2 | 84/21 സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ | 3730491 | 18/10.7.20 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല |
| 3 | 182/21 സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ | 500000 | 14/19.6.20 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല |
| ആകെ | | 45,77,069 | | |

കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 45,77,069/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/20.12.21) മറുപടി ലഭ്യമാക്കിയില്ല.

## 1-52 ചെക്ക് പണമാക്കിമാറ്റാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.

പ്രോജക്ട് നമ്പർ 208/21 പകൽ വീട് വയറിംഗ്.

2020-21ൽ സെക്രട്ടറി നടപ്പിലാക്കിയ പകൽ വീട് വയറിംഗ് എന്ന പദ്ധതിക്കായി ടെണ്ടറിൽ പങ്കെടുത്ത ശ്രീ. ജയകുമാർ. വി.ആർ എന്ന കരാറുകാരൻ ടെണ്ടറിനോടൊപ്പം സമർപ്പിച്ച 1415/-രൂപയുടെ ചെക്ക് (625417/3.3.2020 Of SBI) നാളിതുവരെ പണമാക്കി മാറ്റാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. പ്രസ്തുത ചെക്ക് കൈപ്പറ്റിയപ്പോൾ രസീത് ഇഷ്യൂ ചെയ്തിരുന്നോ എന്നും ചെക്ക് പണമാക്കി മാറ്റാതിരുന്നത് സംബന്ധിച്ചും പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21/20.12.21) മറുപടി ലഭ്യമാക്കിയില്ല. പണത്തിന് പകരമായി പഞ്ചായത്തിൽ സമർപ്പിക്കുന്ന ചെക്കുകൾക്ക് യഥാസമയം രസീത് എഴുതി തനത് ഫണ്ടിൽ വരവ് വെക്കേണ്ടതും ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതുമൂലം ഗ്രാമ പഞ്ചായത്തിന് 1415/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. കൃത്യമായ മേൽനോട്ടമില്ലാതെയും ചെക്കുകൾ അലക്ഷ്യമായി കൈകാര്യ

ചെയ്യുന്നതുമായ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ തുകയുടെ ചെക്ക് യഥാസമയം ബാങ്കിൽ സമർപ്പിക്കാതെ കാലഹരണപ്പെട്ട് പോയതുമൂലം തുക നഷ്ടമായിട്ടുണ്ടോയെന്നത് പരിശോധിച്ച് അറിയിക്കേണ്ടതും, തുക കാലഹരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ആയത് ഉത്തരവാദിയായ ജീവനക്കാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-53 പദ്ധതി രൂപീകരണം നിർവ്വഹണം, മോണിറ്ററിംഗ്- അപാകതകൾ

പ്രോജക്ട് നമ്പർ- 1/20-21 അടങ്കൽ 200000/- (വികസന ഫണ്ട് 100000/- തനത് ഫണ്ട് 100000/-)

2020-21ൽ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി രൂപീകരണം നിർവ്വഹണം, മോണിറ്ററിംഗ് എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ വിവിധതരം നോട്ടീസുകൾ,ബാനറുകൾ, തുടങ്ങിയവയ്ക്കായി 2020-21ൽ യന്ത്ര പ്രിന്റ് മീഡിയ എന്ന സ്ഥാപനത്തിന് മാത്രം പ്രിന്റിംഗ് ജോലികൾക്കായി വിവിധ ബില്ലുകൾ, ചെക്കുകൾ എന്നിവ പ്രകാരം 137962/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകിയിട്ടുണ്ട്. പ്രിന്റിംഗ് വർക്കുകൾക്കായി ഇത്രയധികം തുക ഒരു സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തിക്കായി മത്സരാധിഷ്ഠിത ക്വൊട്ടേഷൻ ക്ഷണിച്ചിട്ടുള്ളതായി കാണുന്നില്ല. ക്വൊട്ടേഷൻ ക്ഷണിക്കാതെ തന്നെ പദ്ധതി രൂപീകരണത്തിനാവശ്യമായ നോട്ടീസുകൾ, ബാനറുകൾ, വികസനസെമിനാർ ബുക്കുകൾ എന്നിവ പ്രിന്റ് ചെയ്യിക്കുകയും സെമിനാറുമായി ബന്ധപ്പെട്ട് പേനകൾ തുടങ്ങിയവയെല്ലാം യന്ത്ര പ്രിന്റ് മീഡിയ എന്ന സ്ഥാപനത്തിൽ നിന്ന് തന്നെ വാങ്ങിയ നടപടി ക്രമവിരുദ്ധമാണ്. മത്സരാധിഷ്ഠിത കൊട്ടേഷനുകൾ ക്ഷണിക്കാതിരുന്നതുമൂലം പ്രിന്റിംഗ് ചാർജ്ജ് കുറഞ്ഞ് കിട്ടുവാനുള്ള അവസരം പഞ്ചായത്തിന് നഷ്ടമായിരിക്കുകയാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/20.12.21) മറുപടി ലഭ്യമാക്കിയില്ല.

## 1-54 മൽസ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് -- തുക അധികം നൽകി.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മൽസ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് നൽകൽ. |
| പ്രോജക്ട് നം. | S0038/21 |
| അടങ്കൽ | 210000(വികസനഫണ്ട്) |
| ചെലവ് വിവരം. | ബിൽ നം. 3/20-21/27.03.21 -- 198828 |
| നിർവ്വഹണം | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

പ്രോജക്ട് നം. 38/21 പ്രകാരം മൽസ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി നടത്തിപ്പിനായി കെൽട്രോണിൽ നിന്നും 7 ലാപ്ടോപ്പുകൾ വാങ്ങിയതിന് ബിൽ നം. 3/20-21/27.3.21 പ്രകാരം 198828രൂപ പിൻവലിച്ച് കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ ലാപ്ടോപ്പുകളുടെ ഡെലിവെറി സ്ലിപ്പ് (ടാക്സ് ഇൻവോയിസ് ) പ്രകാരം7 ലാപ്ടോപ്പുകളുടെ (ബാക്ക് പാക്ക്, മൗസ് എന്നിവയുൾപ്പെടെ) ആകെ വില189575.26രൂപയാണ്. എന്നാൽ ഇതിന് വിരുദ്ധമായി മേൽ ബിൽ പ്രകാരമുള്ള തുകയായ 198828രൂപ കെൽട്രോണിന് നൽകി. ലാപ്ടോപ്പുകളുടെ വിലയിനത്തിൽ കെൽട്രോണിന് 9252.74രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 32/21.12.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകിയിട്ടില്ല. ടി തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കുകയോ അധികം ചെലവഴിച്ചതിന് മതിയായ വിശദീകരണം നൽകുകയോ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-55 സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ -ജി.എസ്.ടി നൽകിയതിലെ അപാകതകൾ.

2020-21ൽ സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന നിക്ഷേപ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ 84/21 സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ

അടങ്കൽ- 3730506/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 1865253/-, 1865253/-)

ചെലവ്- 3730491/-

2. പ്രോജക്ട് നമ്പർ- 182/21 സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ

അടങ്കൽ- 500000/-വികസന ഫണ്ട്.

ചെലവ്- 500000/- ബിൽ നമ്പർ 14/19.6.20

മേൽ സൂചിപ്പിച്ച രണ്ട് പ്രവൃത്തികൾക്കുമായി കെ.എസ്.ഇ.ബി ചേർത്തല ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി നൽകിയിട്ടുള്ള വിവിധ എസ്റ്റിമേറ്റുകൾ അനുസരിച്ച് 18% ജി.എസ്.ടി ഉൾപ്പെടെയാണ് പ്രോജക്ട് നമ്പർ- 182/21 ന് 3730491/-രൂപയും [31,61,433 +5,69,058/- (ജി.എസ്.ടി)], പ്രോജക്ട് നമ്പർ- 182/21 ന് 500000/- [4,23,729 +76,271/- (ജി.എസ്.ടി)] രൂപയും മുൻകൂറായി നൽകിയിട്ടുള്ളത്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243ജി പ്രകാരം ത്രിതല പഞ്ചായത്തുകൾലഭ്യമാക്കുന്ന സേവനങ്ങൾക്ക് ജി.എസ്.ടി ബാധകമല്ലാത്തതാണ്. ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽപ്പെട്ട ഒരു പ്രധാന സേവനമാണ് തെരുവ് വിളക്കുകൾ ലഭ്യമാക്കുകയെന്നത്. ആയതിനാൽ മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

മേൽ പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഒന്നാം

കക്ഷിയായും അത്രൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി രണ്ടാംകക്ഷിയായും കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാറിൽ 2020-21ൽ തന്നെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നും കെ.എസ്.ഇ.ബിയുമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കരാറിലേർപ്പെടണമെന്നും ആയതിന്റെ പകർപ്പ് ജില്ലാ പഞ്ചായത്തിന് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതിലുപരിയായി കെ.എസ്.ഇ.ബിയുമായി കരാറിലേർപ്പെട്ടശേഷം മാത്രമേ നിക്ഷേപ പ്രവൃത്തികൾക്ക് തുക കൈമാറാവൂ എന്ന് സർക്കാർ നിർദ്ദേശം നിലവിലുള്ളതുമാണ്. എന്നാൽ മേൽ നിർദ്ദേശങ്ങളൊന്നും കണക്കിലെടുക്കാതെയും കരാറിലേർപ്പെടാതെയുമാണ് നിക്ഷേപ പ്രവൃത്തികൾക്കായി തുക കൈമാറിയിട്ടുള്ളതെന്ന്.

| ക്രമ നമ്പർ | തുക | ബിൽ നമ്പർ തിയതി |
|---|---|---|
| 1 | 4,79,515/- | 73/19.12.20 |
| 2 | 4,82,160/- | 74/19.12.20 |
| 3 | 82,128/- | 75/19.12.20 |
| 4 | 16,65,253/- | 89/16.1.21 |
| 5 | 25,665/- | 93/12.2.21 |
| 6 | 1,55,347/- | 96/20.2.21 |
| 7 | 18,981/- | 106/8.3.21 |
| 8 | 1,81,012/- | 109/18.3.21 |
| 9 | 18,980/- | 110/18.3.21 |
| ആകെ | 31,09,041/- | |

നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂർ തുക കൈമാറുമ്പോൾ മേൽ സൂചിപ്പിച്ചിട്ടുള്ളവിധം സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/20.12.21) മറുപടി ലഭ്യമാക്കിയില്ല.

## 1-56 വെട്ടുകടവ് റോഡ് പുനരുദ്ധാരണം- എർത്ത് വർക്ക് എക്സ് കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് | വെട്ടുകടവ് റോഡ് പുനരുദ്ധാരണം |
| പ്രോജക്ട് നമ്പർ | CMLRRP |
| അടങ്കൽ | 50 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അഗസ്റ്റിൻ ഡിക്സൺ |
| അളവു പുസ്തകം | 6/ARR/20-21 |
| ചെലവു വിവരം | ചീഫ് എഞ്ചിനിയർ കരാറുകാർക്ക് നേരിട്ട് നൽകുന്ന ചെക്ക് നം XY5372296/ 18-02-21 രൂപ 3823057/- |
| സാങ്കേതികാനുമതി നമ്പർ | 29974/20-21 തീയതി 09-06-20 |

ബഹുമാനപ്പെട്ട കേരള മുഖ്യ മന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP)പ്രകാരം ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്ത വെട്ടുകടവ് റോഡ് പുനരുദ്ധാരണം പ്രവൃത്തിയിൽ സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ് കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m3(സ്പെസിഫിക്കേഷൻ കോഡ് -11.1.1.1).ആണ്. ഇത് എർത്ത് വർക്ക് എക്സ് കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് എന്നതിനുള്ള നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 259.29/m3(സ്പെസിഫിക്കേഷൻ കോഡ് -3.5.1).ഉയർന്ന നിരക്ക് അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് പ്രകാരം മേൽ ഇനത്തിന് വകയിരുത്തിയ തുക | 118.80 @553.17 = 65717 |
| അനുവദിച്ച തുക (ക്വോട്ട് ചെയ്ത നിരക്ക്) | 113.256 M3 @545 = 61725 |
| അനുവദനീയമായ തുക ( പരമാവധി) | 113.256 M3 @259.29 = 29366 |
| അധികം നൽകിയ തുക | 32359 |
| 12% GST അനുവദിച്ചത് | 3883 |
| മൊത്തം | 36242 |

അധികം നൽകിയ36242/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/20.12.21 ന് മറുപടി നൽകിയില്ല.

## 1-57 മരിയൂർ ചർച്ച് റോഡ് ടാറിംഗ്- അധികം തുക പിൻവലിച്ചു.

പ്രോജക്ട് നമ്പർ 170/21 മരിയൂർ ചർച്ച് റോഡ് ടാറിംഗ്

കരാറുകാരൻ - ടി.ജെ.ജോബ്

അളവ് പുസ്തകം - 58/18-19

അടങ്കൽ- 9,00,000/- (സി.എഫ്.സി-3,00,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്-6,00,000/-)

257/20 നമ്പറായി 2019-20ൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരിയൂർ ചർച്ച് റോഡ് ടാറിംഗ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 54.9% കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനപ്പെടുത്തിയാണ്. 2019-20ൽ പൂർത്തിയാക്കിയതും ഫൈനൽ ബിൽ ക്യൂ-ബിൽ ആയതിനാൽ 2020-21ൽ 170/21 നമ്പറായി അംഗീകാരം വാങ്ങിയിട്ടുള്ള ഈ പ്രവൃത്തിയുടെ ആകെ മൂല്യം അളവ് പുസ്തക പ്രകാരം 8,25,548/- രൂപയാണ്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ തെറ്റായി 864188/-എന്ന് കണക്കാക്കുകയും ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം 864188/- രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

1. ബിൽ നമ്പർ 31/22.5.20 – 6,00,000/-

2. 27/21.5.20 – 2,64,188/-

മേൽ സൂചിപ്പിച്ചവിധം അധികം പിൻവലിച്ച 38640/-രൂപ ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/20.12.21) മറുപടി ലഭ്യമാക്കിയില്ല.

## 1-58 ഡി.പി.സി അംഗീകാരം നേടി തുക ചെലവഴിച്ച പ്രോജക്ടുകൾ റിവിഷനിൽ ഡ്രോപ്പ് ചെയ്തു.

അരൂർ ഗ്രാമ പഞ്ചായത്തിൽ വിവിധ നിർവഹണ ഉദ്യോഗസ്ഥർ തൻവർഷം താഴെപ്പറയുന്ന പ്രോജക്ടുകളിൽ വികസന ഫണ്ടിൽ(ജനറൽ) നിന്നും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രോജക്ടുകൾ എക്സ്പൻറീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര് പ്രോജക്ട് നം | തുക | നിർവഹണോദ്യോഗസ്ഥന് |
|---|---|---|---|
| 1 | ജാഗ്രതാ സമിതി (227) | 25000 | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 2 | അരൂർ ഗവ.എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം (164) | 5376 | ഹെഡ്മാസ്റ്റർ |
| 3 | ഇലഹ്യ ഉൽ ഇസ്ലാം എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം(165) | 10500 | |
| 4 | ഹയർ സെക്കണ്ടറി തുല്യത പരീക്ഷ(46) | 72000 | |
| 5 | പത്താംതരം തുല്യത(45) | 12950 | |
| 6 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് (175) | 204327 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| | ആകെ | 330153 | |

*മേൽ പ്രോജക്ടുകൾക്കെല്ലാം തന്നെ സാമ്പത്തിക വർഷമാദ്യം ഡി.പി.സി അപ്രൂവൽ നേടിയിരുന്നതാണെന്നും പിന്നീട് നടന്ന പ്രോജക്ട് റിവിഷനിൽ ഡ്രോപ്പ് ചെയ്യുകയാണുണ്ടായതെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു. തന്മൂലം ഈ പ്രോജക്ടുകളോ പ്രോജക്ടുകളുടെ ചെലവുകളോ പഞ്ചായത്തിന്റെ 2020-21-ലെ ചെലവ് പത്രികയിൽ ഉൾപ്പെട്ടു വന്നില്ല. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടി തുക ചെലവഴിച്ച പ്രോജക്ടുകൾ പ്രോജക്ട് റിവിഷനിൽ ഡ്രോപ്പ് ചെയ്യാനുണ്ടായ കാരണം വിശദമാക്കേണ്ടതാണ്.*

## 1-59 കരാറുകാരിൽ നിന്നുംആദായ നികുതി ഈടാക്കിയില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവൃത്തികൾക്ക് കരാർ പ്രകാരം സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C ) ഈടാക്കിയില്ല . വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | കൊച്ചുപുരക്കൽ കാന നിർമ്മാണം | അതുൽ സഞ്ജയ് | 276872 | 2769 | 19-02-21 |
| 2 | മാടത്തിങ്കൽചിറ റോഡ് ടൈലിംഗ് | ടി | 254167 | 2542 | ലഭ്യമാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| 3 | വടക്കേ കൊച്ചുപുരക്കൽ നടപ്പാത ടൈലിംഗ് | ടി | 156392 | 1564 | 19-02-21 |
| 4 | മഞ്ചാടിക്കുന്നേൽ റോഡ് ടൈലിംഗ് | ടി | 266478 | 2665 | 26-03-21 |
| 5 | മഞ്ചാടിക്കുന്നേൽ റോഡ് ടൈലിംഗ്-2nd | ടി | 391116 | 3911 | 19-02-21 |
| 6 | പനക്കത്തറ നടുവിലെ മുറി തോട് കല്ലുകെട്ട് | അരുൺകുമാർ | 304399 | 3044 | 17-03-21 |
| 7 | പൊങ്ങാലിൽ നടപ്പാത നിർമ്മാണം | ടി | 118792 | 1188 | 17-03-21 |
| 8 | കൊച്ചുപറമ്പ് നടപ്പാത ടൈലിംഗ് | ടി | 217526 | 2175 | 19-02-21 |
| 9 | വേതാട്ടുകുളം റോഡിന് സംരക്ഷണഭിത്തി നിർമ്മാണം | എബ്രഹാം . പി .വി | 60975 | 610 | 31-10-20 |
| 10 | വട്ടത്തറ നടപ്പാട ടൈലിംഗ് | എബ്രഹാം | 187562 | 1876 | ലഭ്യമാക്കിയില്ല |
| 11 | എരുമുള്ളി വള്ളവനാട് തോട് ഒരുവശം കല്ലുകെട്ട് | ജോർജ്ജ് ടിജെ | 158228 | 1582 | 31-10-20 |
| 12 | ഉടുമ്പു ചിറ നടപ്പാത നിർമ്മാണം | ടി | 140148 | 1401 | 19-02-21 |
| 13 | എരുമുള്ളി - വളവനാട് റോഡ് ടൈലിംഗ് | ടി | 250722 | 2507 | 28-10-20 |
| 14 | ഇത്തിപ്പറമ്പ് നടപ്പാത നിർമ്മാണം | ടി | 262681 | 2627 | 19-02-21 |
| 15 | നെല്ലിക്കൽ നടപ്പാത ടൈലിംഗ് | ടി | 108437 | 1084 | 31-10-20 |
| 16 | എരുമുള്ളി കാട്ടുകണ്ടം റോഡ് ടൈലിംഗ് | ടി | 177013 | 1770 | 09-11-20 |
| 17 | തട്ടാശ്ശേരി നടപ്പാത ടൈലിംഗ് | അഗസ്റ്റിൻ ഡിക്സൺ | 299192 | 2992 | 19-02-21 |
| 18 | മാടശ്ശേരി ലിങ്ക് റോഡ് ടൈലിംഗ് | ക്രസ്റ്റിൻ എം.ജെ | 263144 | 2631 | 18-01-21 |
| 19 | കുണ്ടേച്ചിറ റോഡ് ടൈലിംഗ് | ടി | 252283 | 2523 | 18-01-21 |
| 20 | കേളാത്തു കുന്നേൽ റോഡ് ടൈലിംഗ് | വരദകുമാർ | 345735 | 3457 | ലഭ്യമാക്കിയില്ല |
| 21 | മാവുങ്കൽ -പൊക്കാളിപ്പാടം | ടി | 203726 | 2038 | 19-02-21 |

| | | | | | |
|---|---|---|---|---|---|
| | റോഡ് ടൈലിംഗ് | | | | |
| 22 | മാവുങ്കൽ -പൊക്കാളിപ്പാടം റോഡ് ടൈലിംഗ് -2nd | ടി | 367318 | 3673 | 19-02-21 |
| 23 | പുതുക്കാട്ട് നടപ്പാത ടൈലിംഗ് | വർഗ്ഗീസ് | 296141 | 2961 | 19-02-21 |
| 24 | തൈക്കാളമുറി വട്ടക്കാട്ട് നടപ്പാത ടൈലിംഗ് | ടി | 244880 | 2449 | 19-02-21 |
| 25 | തേനന്തറ നടപ്പാത ടൈലിംഗ് | ടി | 241093 | 2411 | 31-10-20 |
| 26 | നെല്ലിക്കൽ നടപ്പാത ടൈലിംഗ് | ടി | 326656 | 3267 | 19-02-21 |
| 27 | തിരുത്താളി പള്ളിയോടപ്പുരക്കൽ നടപ്പാത | ടി | 101691 | 1017 | 16-10-20 |
| 28 | ലക്ഷ്മി വിലാസം നടപ്പാത ടൈലിംഗ് | സാബു. പി. എൽ | 41353 | 414 | ലഭ്യമാക്കിയില്ല |
| 29 | മേമന നടപ്പാത ടൈലിംഗ് | സൈഫുദീൻ | 219926 | 2199 | 17-03-21 |
| 30 | കാട്ടിത്തറ കയ്യേത്തറ റോഡ് ഗ്രാവലിംഗ് | ടി | 133032 | 1330 | ലഭ്യമാക്കിയില്ല |
| | ആകെ | | | 66677 | |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 33/20-12-21 ന് മറുപടി ഹാജരാക്കിയില്ല.

## 1-60 GST സ്രോതസിൽ നിന്നും ഈടാക്കിയില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ CGST Act 2017ലെ വകുപ്പ് 51 (1) , SGST Act 2017ലെ വകുപ്പ് 51(1)എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധീകരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% തുക GST ഇനത്തിൽ സ്രോതസിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഇത് ഈടാക്കിയില്ല . വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട GT (2%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | കൊച്ചുപുരക്കൽ കാന നിർമ്മാണം | അതുൽ സഞ്ജയ് | 276872 | 5537 | 19-02-21 |
| 2 | മാടത്തിങ്കൽചിറ റോഡ് ടൈലിംഗ് | ടി | 254167 | 5083 | ലഭ്യമാക്കിയില്ല |
| 3 | മഞ്ചാടിക്കുന്നേൽ റോഡ് ടൈലിംഗ് | ടി | 266478 | 5330 | 26-03-21 |
| 4 | മഞ്ചാടിക്കുന്നേൽ | ടി | 391116 | 7822 | 19-02-21 |

| | | | | | |
|---|---|---|---|---|---|
| | റോഡ് ടൈലിംഗ്- 2nd | | | | |
| 5 | പനക്കത്തറ നടുവിലെ മുറി തോട് കല്ലുകെട്ട് | അരുൺകുമാർ | 304399 | 6088 | 17-03-21 |
| 6 | എരുമുള്ളി - വളവനാട് റോഡ് ടൈലിംഗ് | ടി | 250722 | 5014 | 28-10-20 |
| 7 | ഇത്തിപ്പറമ്പ് നടപ്പാത നിർമ്മാണം | ടി | 262681 | 5254 | 19-02-21 |
| 8 | തട്ടാശ്ശേരി നടപ്പാത ടൈലിംഗ് | അഗസ്റ്റിൻ ഡിക്സൺ | 299192 | 5984 | 19-02-21 |
| 9 | മാടശ്ശേരി ലിങ്ക് റോഡ് ടൈലിംഗ് | ക്രസ്റ്റിൻ എം.ജെ | 263144 | 5263 | 18-01-21 |
| 10 | കുണ്ടേച്ചിറ റോഡ് ടൈലിംഗ് | ടി | 252283 | 5046 | 18-01-21 |
| 11 | കേളാത്തു കുന്നേൽ റോഡ് ടൈലിംഗ് | വരദകുമാർ | 345735 | 6915 | ലഭ്യമാക്കിയില്ല |
| 12 | മാവുങ്കൽ -പൊക്കാളിപ്പാടം റോഡ് ടൈലിംഗ് -2nd | ടി | 367318 | 7346 | 19-02-21 |
| 13 | പുതുക്കാട്ട് നടപ്പാത ടൈലിംഗ് | വർഗ്ഗീസ് | 296141 | 5923 | 19-02-21 |
| 14 | നെല്ലിക്കൽ നടപ്പാത ടൈലിംഗ് | ടി | 326656 | 6533 | 19-02-21 |
| | | | | 83138 | |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 33/20-12-21 ന് മറുപടി ഹാജരാക്കിയില്ല.

## 1-61 തൊഴിലുറപ്പുപദ്ധതിയിൽ ചെയ്ത കല്ലുകെട്ട് പ്രവൃത്തികളിൽ രേഖപ്പെടുത്തിയ അളവിനേക്കാൾ കൂടിയ അളവിന് തുക അനുവദിച്ചു

തൊഴിലുറപ്പുപദ്ധതിയിൽ ചെയ്ത കരിങ്കല്ല് ഉപയോഗിച്ചുള്ള കല്ലുകെട്ട് പ്രവൃത്തികളിൽ രേഖപ്പെടുത്തിയ അളവിനേക്കാൾ കൂടിയ അളവിനാണ് തുക അനുവദിച്ചിട്ടുള്ളത്.ഇത്തരം പ്രവൃത്തികളിലൊന്നിലും കരിങ്കല്ല് സ്റ്റാക്ക് ചെയ്തതിന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തൽ ഇല്ല . പകരം Dry Rubble Masonary ഒരു M3 ചെയ്യുന്നതിന് 1.05 M3 ആവശ്യമാണെന്ന കണക്കിലാണ് അളവ് അനുവദിച്ചിട്ടുള്ളത്. ഓരോ പ്രവൃത്തിയുടേയും ഫയലിൽ സൂക്ഷിച്ചിട്ടുള്ള മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ പത്രികയിലും സാധനങ്ങൾ മെയ്റ്റ് കൈപ്പറ്റിയ രസീതിലുമാണ് കരിങ്കല്ലിന്റെ അളവ് കാണിച്ചിരിക്കുന്നത്.കരിങ്കല്ല് സ്റ്റാക്ക് ചെയ്യുന്നഅളവിൽ നിന്നും വോയ്ഡ്സ് കുറവു ചെയ്ത ശേഷമുള്ള അളവിനാണ് തുക അനുവദിക്കേണ്ടിയിരുന്നത്. സ്റ്റാക്ക് ചെയ്തതിന്റെ രേഖപ്പെടുത്തൽ അളവു പുസ്തകത്തിൽ വരുത്തിയിട്ടില്ലാത്തതിനാൽ രേഖപ്പെടുത്തിയിരുന്ന കരിങ്കല്ല് പ്രവൃത്തിയുടെ അളവിനാണ് പരമാവധി തുക അനുവദിക്കാവുന്നത്.എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാർക്ക് അധികം നൽകാനിടയായി.വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | കരാറു കാരൻ | കരിങ്കല്ല് ഉപയോഗി ച്ചുള്ള പ്രവൃത്തിയുടെ അളവ് ( DR + RR Mzsonary) (M3) | മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കാണിച്ചി രിക്കുന്ന അളവ് (M3) | കരാറു കാരന് അനുവദിച്ച അളവ്(m3) | അധികം നൽകിയ അളവും തുകയും | ഫണ്ട് കൈമാറ്റം ചെയ്ത തീയതി |
|---|---|---|---|---|---|---|---|
| 1 | പനക്കത്തറ നടുവിലെ മുറി തോട് കല്ലുകെട്ട് | അരുൺകുമാർ | 131.22 M3 | 136.77 M3 | 136.77 M3 | 5.55m3 @1900= 10545 | 17-03-21 |
| 2 | വേതാട്ടുകുളം റോഡിന് സംരക്ഷമ ഭിത്തി നിർമ്മാണം | എബ്രഹാം പി.വി | 27m3 | 28.15m3 | 28.15m3 | 1.15 @1900 = 2185 | 19-02-21 |
| 3 | എരുമുള്ളി- വള്ളവനാട് തോട് ഒരുവശം കല്ലുകെട്ടൽ | ജോർജ്ജ് ടി.ജെ | 68.82m3 | 71.672 M3 | 71.672 M3 | 2.852 @1900 = 5419 | 31-10-20 |
| | | | | | | 18149 | |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 33/20-12-21 ന് മറുപടി ഹാജരാക്കിയില്ല.

## 1-62 ആവശ്യമായ അളവിൽ മെറ്റീരിയൽ ഉപയോഗിച്ചില്ല

കേളാത്ത് കുന്നേൽ റോഡ് ടൈലിംഗ് പ്രവൃത്തിയിൽ 50mm കനത്തിൽ 6mm ബ്രോക്കൺ സ്റ്റോൺ വിരിച്ചതിന് പുറമേ 80mm സിമൻറ് കോൺക്രീറ്റ് പേവർബ്ലോക്ക് ഇടുന്നതിന് ലക്ഷ്യമിടുന്നു. അളവു പുസ്തകം (204/20-21)പ്രകാരം 295.050m2 വിസ്തീർണത്തിൽ ടൈൽ വിരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ 6mm ബ്രോക്കൺ സ്റ്റോണിന്റെ അളവ് 14.75 M3 (295.05 X0.05) ആണ്. എന്നാൽ കരാറുകാരൻ സപ്ലൈ ചെയ്തത് 8.875 M3 മാത്രമാണ്. 5.875 M3 കുറച്ച് ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ചത് പ്രവൃത്തിയുടെ ഗുണനേന്മയെ ബാധിക്കാനിടയെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-63 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

അങ്കമാലി... 

അശ്ശൂർ ഗ്രാമ പഞ്ചായത്തിലെ കോവിഡ് രോഗപ്രതിരോധ പ്രവർത്തനം 2020 എപ്രിൽ മാസം തന്നെ ആരംഭിച്ചു. പഞ്ചായത്ത് ഉദ്യോഗസ്ഥർ, വാർഡ് മെമ്പർമാർ എന്നിവരുടെ നേതൃത്വത്തിൽ- അതിലേക്കായി ജനങ്ങളിൽ ബോധവൽക്കരണത്തിന്റെ ഭാഗമായി മൈക്ക് അനൗൺസ്മെൻറ്, വാർഡുതല ജാഗ്രത സമിതി, സന്നദ്ധ പ്രവർത്തകർ, ആരോഗ്യ വകുപ്പ്, പോലീസ്, ഫയർ & റെസ്ക്യൂ സർവ്വീസ്, സാംസ്കാരിക പ്രവർത്തകർ, വിവിധ രാഷ്ട്രീയ പാർട്ടികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെല്ലാം ഏകോപിപ്പിച്ചുള്ള പ്രവർത്തനം തന്നെ ആണ് പഞ്ചായത്ത് കാഴ്ചവെച്ചത്. വിദേശത്ത് നിന്നും വരുന്നവർ, കേരളത്തിന് പുറത്ത് നിന്ന് വരുന്നവർ, ജില്ലയ്ക്ക് പുറത്ത് നിന്ന് വരുന്നവർ എന്നിവരുടെ യാത്രവിവരങ്ങൾ അപ്പപ്പോൾ ട്രേസ് ചെയ്ത് വിവരങ്ങൾ ശേഖരിച്ച്, അവർ എത്തുമ്പോൾ ക്വാറന്റയിൻ ചെയ്യുന്നതിനായി, 3 ലോഡ്ജുകൾ- ആര്യസ്, അശ്ശൂർ റീജൻസി, ഭാരത് ലോഡ്ജ് (ഗവ. ഉത്തരവു പ്രകാരം) എന്നിവ യാത്ര സൗകര്യങ്ങളോട്ടുകൂടി, കെയർ ടേക്കർമാരെ നിയമിച്ച് കൊണ്ടും ഏറ്റെടുത്തിരുന്നു. കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ മാസ്ക് തയ്പ്പിച്ച് അതിന്റെ ചെലവും, ഉൾപ്പെടെ വാർഡിൽ എല്ലാ വീട്ടിലും സൗജന്യമായി എത്തിച്ചു. അന്നത്തെ ക്വാറന്റെൻ കാലം 28 ദിവസമായതിനാൽ, നിരീക്ഷണത്തിലുള്ളവരുടെ എല്ലാ ചെലവുകളും, ഭക്ഷണം, അത്യാവശ്യ വസ്തുങ്ങൾ, മെഡിസിൻ, താമസസൗകര്യങ്ങൾ എല്ലാം തന്നെ പഞ്ചായത്ത് എറ്റെടുത്തു നടത്തിയിരുന്നു. കൂടാതെ കോവിഡ് രോഗം മൂലം മരിച്ചപോയ മൃതദേഹങ്ങൾ വരെ പഞ്ചായത്തിന്റെ നേതൃത്വത്തിലും, ചെലവിലും, സംസ്കരിക്കേണ്ടി വന്നു. കോവിഡ് നിയന്ത്രണങ്ങൾ മൂലം യാത്രകൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയ സമയത്ത് പോലും ഉദ്യോഗസ്ഥരുടെ കുറവു പരിഹരിക്കുന്നതിനും ഈ ദൗത്യം ഏറ്റെടുത്തു നടപ്പിലാക്കുന്നതിനായി പഞ്ചായത്ത്/ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ ഓഫീസുകളിൽ എത്തിക്കുന്നതിനായി വാഹന സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

കൊച്ചിയുടെ ഉപഗ്രഹ നഗരമായ അശ്ശൂർ വഴി നാഷണൽ ഹൈവേ കടന്നു പോകുന്നതിനാൽ കർശന പരിശോധനയ്ക്കായി പോലീസിനെ സഹായിക്കാൻ, വാളന്റിയർമാരെ പഞ്ചായത്ത് നിയമിച്ചു, അവർക്ക് സുഗമമായി ഡ്യൂട്ടി നിർവഹിക്കുന്നതിനായ് ബാരിക്കേഡ്, ടെന്റ് എന്നിവ നിർമിച്ച് സൗകര്യം ഏർപ്പെടുത്തി. ആദ്യ ഘട്ടത്തിൽ കമ്മ്യൂണിറ്റി കിച്ചൻ വഴി ക്വാറന്റെനിൽ താമസിക്കുന്നവർക്കും, 39 അതിഥി തൊഴിലാളി ക്യാമ്പിലേക്കും ആഹാരം ഉണ്ടാക്കി നൽകി, അതിന്റെ ചെലവും പഞ്ചായത്ത് ഏറ്റെടുത്തു. ഭക്ഷണം സ്വന്തമായി പാചകം ചെയ്യാൻ കഴിവുള്ള വർക്ക് പച്ചക്കറി/പലവ്യഞ്ജനങ്ങൾ ശേഖരിച്ച് സന്നദ്ധപ്രവർത്തകർ, ആശ വർക്കർമാർ എന്നിവരിലൂടെ

എത്തിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധിച്ചിരുന്നു, ഇതിന് മേൽനോട്ടം നല്കി പ്രവർത്തികൾ നടത്തുന്നതിനായി നൊഡൽ ഓഫീസർ/ചാർജ്ജ് ഓഫീസർ എന്നിവരെയും പ്രത്യേക ഓഫീസ് ഓർഡറുകൾ വഴി നിയമിച്ചു.

അങ്ങനെ നിതാന്ത ജാഗ്രതയിൽ 24 മണിക്കൂറും പഞ്ചായത്ത് ഓഫീസും, ഉദ്യോഗസ്ഥൻമാരും, മെമ്പർമാരും പ്രയത്നിച്ചു. മാർക്കറ്റ്, പോലീസ് സ്റ്റേഷൻ, പഞ്ചായത്ത് ഓഫീസ് തുടങ്ങിയ സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങൾ അണുവിമുക്തമാക്കി, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പിപിഇ കിറ്റ്, ഗ്ലൗസ്, മാസ്ക്, സാനിറ്റൈസർ എന്നിവ വാങ്ങി നൽകി, സന്നദ്ധപ്രവർത്തകരുടെ അലവൻസ്/പെട്രോൾ എന്നിവയുടെ ചെലവും പഞ്ചായത്ത് നൽകി. തുടർന്ന് കോവിഡ് വ്യാപനം ശക്തമായ സമയത്ത് സി എഫ് എൽ റ്റി സി ആരംഭിക്കുവാൻ ബഹു. ജില്ലാ കളക്ടർ ഉത്തരവിടുകയും, അതിനായി അൽ അമീൻ സ്കൂളും, അനുബന്ധ കെട്ടിടം ആയി പാലസ് കൺവൻഷൻ സെൻററും ഏറ്റെടുത്തു. ആഗസ്റ്റോട്ടുകൂടി സ്കൂൾ കെട്ടിടം ശുചീകരിച്ച് ഗവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജോലിക്കാരെ മാസവേതന/ദിവസവേതനം/മണിക്കൂർ എന്നിവ അടിസ്ഥാനമാക്കി നിയമിച്ചു. ആരോഗ്യ വകുപ്പിന്റെ നിർദ്ദേശത്തെ തുടർന്ന് റെഡ്/എല്ലോ/ഗ്രീൻ സോണുകൾ ഉണ്ടാക്കി, സ്കൂൾ ഭാഗം (പാർട്ടീഷൻ) ചെയ്ത് ഒരു ഹോസ്പിറ്റൽ പോലെ ആക്കി പ്രവർത്തനം ആരംഭിച്ചു അതിലേക്കായി ഒരു ചാർജ്ജ് ഓഫീസറെ വാഹന/താമസ/ഭക്ഷണ സൗകര്യങ്ങളോടു കൂടി ചുമതലപ്പെടുത്തി 24 മണിക്കൂറും സേവനത്തിനായി നിയോഗിച്ചു. 24 മണിക്കൂറും സി എഫ് എൽ റ്റി സി നടത്തി, ഡ്യൂട്ടിക്കായി വന്നിരുന്ന ആരോഗ്യപ്രവർത്തകർക്കും സന്നദ്ധപ്രവർത്തകർക്കും, 28 ദിവസത്തെ ക്വാറന്റെൻ ഉൾപ്പെടെ ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി, നിലവിലുള്ള പഞ്ചായത്ത് ആംബുലൻസ് സേവനം മതിയാകാതെ വന്ന സമയത്ത് വാടകയ്ക്ക് മറ്റ് വാഹനങ്ങൾ ഗവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാടക നിശ്ചയിച്ച് സേവനത്തിനായി ഉപയോഗിച്ചു. കൂടാതെ, കോവിഡ് രോഗ പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള വാഹനം സാമൂഹ്യ വിരുദ്ധർ നശിപ്പിച്ചത്, ക്വാറന്റെൻ അതിക്രമിച്ച് കയറൽ തുടങ്ങിയ സംഭവങ്ങൾക്കും അരൂർ ഗ്രാമ പഞ്ചായത്ത് സാക്ഷ്യം വഹിച്ചു. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ വിദ്യാഭ്യാസം മുടങ്ങാതിരിക്കാൻ സർക്കാർ ഏർപ്പെടുത്തി നടത്തിയ ഓൺ ലൈൻ വിദ്യാഭ്യാസത്തിനായി ടെലിവിഷൻ ഇല്ലാത്തതിനാൽ വിദ്യാഭ്യസം മുടങ്ങി പോയ നിർദ്ധനരായ 82 വിദ്യാർത്ഥികൾക്ക് ടെലിവിഷൻ വാങ്ങി നൽകി പഠനം തുടരുന്നതിന് സൗകര്യം ഏർപ്പെടുത്തി, 4 സാംസ്കാരിക നിലയങ്ങളിലും പ്രസ്തുത സൗകര്യം ഏർപ്പെടുത്തി.

2 വർഷത്തോളം സിഎഫ്എൽറ്റിസി നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടായ ചെലവുകൾ ചുവടെ ചേർക്കുന്നു.
1.കമ്മ്യൂണിറ്റി കിച്ചൺ സൗജന്യ ഭക്ഷണം -193490/-രൂപ
2.പരിരക്ഷ പ്രവർത്തനം- 1942983/-രൂപ
3.സിഎഫ്എൽറ്റി സി നടത്തിപ്പ് -ആവശ്യ വസ്തുക്കൾ 325382/-രൂപ
4.മെഡിക്കൽ ഉപകരണങ്ങൾ -1514914/-രൂപ
5.ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ (മെഡിക്കൽ ഓഫീസർ)-618301/-രൂപ
6.സി എഫ് എൽ റ്റി സി വർക്കർമാർക്കുള്ള വേതനം- 956659/- രൂപ
7.സി എഫ് എൽ റ്റി സി വേയ്സ്റ്റ് മാനേജ് മെന്റ് - 1172615 (ബയോടോയ്ലെറ്റ് ഉൾപ്പെടെ)
മേൽ ചെലവുകളിൽ 1753300 രൂപ സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്.
(അവലംബം- അരൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്)

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 അർദ്ധവർഷ വരുമാനത്തിനനസൃതമായി തൊഴിൽ നികുതി ഒടുക്കിയില്ല

2020-21 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ, കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അർദ്ധവർഷ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനത്തിനനസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം /(അർദ്ധവർഷം) | ജീവനക്കാരന്റെ പേര്, തസ്തിക | പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | ഡിലൈറ്റ് ഫുഡ്സ് ,അരൂർ (ഒന്നാം അർദ്ധവർഷം) | മോഹനൻപിള്ള ,സെയിൽസ് എക്സിക്യൂട്ടീവ് | 60000 | 600 | 450 | 150 |
| 2 | ഫെഡറൽ ബാങ്ക്, അരൂർ (ഒന്നാം അർദ്ധവർഷം) | മാർഗ്രറ്റ്.ടി.എക്സ് | 114000 | 1000 | 600 | 400 |
| 3 | പ്രാഗാ മറൈൻ പ്രൈവറ്റ് ലിമി (ഒന്നാം അർദ്ധവർഷം) | രാജഗോപാൽ, എഫ്.ആർ.പി വർക്കർ | 93600 | 750 | 600 | 150 |
| 4 | പ്ലാനെറ്റ് കാസ്റ്റ് മീഡിയ സർവീസസ് (ഒന്നാം | ബിനു തോമസ് ,ഡെപ്യൂട്ടി ജനറൽ മാനേജർ | 325755 | 1250 | 624 | 626 |

| | | | | | | |
|---|---|---|---|---|---|---|
| | അർദ്ധവർഷം) | | | | | |
| 5 | അൽ-അമീൻ പബ്ലിക് സ്കൂൾ (ഒന്നാം അർദ്ധവർഷം) | ബെൻസി അഗസ്റ്റിൻ,വൈസ് പ്രിൻസിപ്പാൾ | 76692 | 750 | 600 | 150 |
| 6 | പ്രാഗാ മറൈൻ പ്രൈവറ്റ് ലിമി (രണ്ടാം അർദ്ധവർഷം) | രാജഗോപാൽ, എഫ്.ആർ.പി വർക്കർ | 93600 | 750 | 600 | 150 |
| 7 | മലയാള മനോരമ കോപ്പറേറ്റീവ് ലിമി. (രണ്ടാം അർദ്ധവർഷം) | ദാസ്. ആർ, അൺ-സ്കിൽഡ് വർക്കർ | 79680 | 750 | 600 | 150 |
| 8 | സെന്റ് അഗസ്റ്റിൻ ഫ്യൂവൽസ് | അമൽ സജു ,മാനേജർ | 82440 | 750 | 600 | 150 |
| 9 | | ജുബിൻ ജോസഫ്, മാനേജർ | 82440 | 750 | 600 | 150 |
| 10 | | രാജി രാജീവ് ,സെയിൽസ് ഗേൾ | 79800 | 750 | 600 | 150 |
| 11 | | അരുൺസി.റ്റി,സെയിൽസ് മാൻ | 79800 | 750 | 600 | 150 |
| 12 | ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് ആന്റ് ഫിനാൻഷ്യൽ പ്രൈവറ്റ് ലിമി. | മുഹമ്മദ് ദിൽഷാദ് CVO | 77400 | 750 | 600 | 150 |
| 13 | പ്രീമിയർ എക്സ്പോർട്സ് ഇന്റർനാഷണൽ | നൌഷാദ്,എൻ.കെ, ഓപ്പറേറ്റർ | 144000 | 1250 | 1000 | 250 |
| 14 | പറയിൽ ഫുഡ് | ഷെൽനി ഡജോസ് , ടെക്നോളജിസ്റ്റ് | 122496 | 1000 | 750 | 250 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. തീയതി) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, കുറവ് വന്ന തുകയായ 3026 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 മോട്ടോർ റണ്ണിംഗ് ഫീ -കുറവായി ഈടാക്കിയത്

(1). യന്ത്രശക്തി ഉപയോഗിക്കുന്ന ഡി & ഒ. ലൈസൻസ് അപേക്ഷകരിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കാത്തതായോ കുറവ് ഈടാക്കിയതായോ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകൻ | രസീത് നം. | ഉപയോഗിക്കുന്ന എച്ച്.പി. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| ചെറിയാൻ കുര്യൻ M/s..HIB -ABF Special Foods Pvt. Ltd. | 119040500448/16.3.20 | 1200 | 12000x 4 =48000 | 44000 | 4000 |
| പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP/UCO-698/R1/08 /18.7.2019 പ്രകാരം 1200 HPയാണ് യന്ത്രശക്തി. 4 വർഷത്തേയ്ക്കാണ് ലൈസൻസ് നല്കിയിരിക്കുന്നത്. | | | | | |
| കൃഷ്ണകുമാർ പി.ജെ. എസ്.കെ.എന്റർപ്രൈസസ് | 119040107903/14.2.20 | 20 KW = 26 HP | 300 | - | 300 |
| ഫിലിപ്പ് തോമസ് പെൻവർ പ്രൊഡക്ട്സ് ലി. | | 816 | 8160 | 2000 | 6160 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ D05/APY/01/761/20/7.2.20ലൈസൻസ് പ്രകാരം 209 KW + 500 KVA (400 KW) = 280 + 536 HP = 816 HP. | | | | | |
| ഫിലിപ്പ് തോമസ് പെൻവർ പ്രൊഡക്ട്സ് ലി. | 119040500397/27.2.20 | 901 | 9010 | 5420 | 3590 |
| അപേക്ഷയിലും ഫാക്ടറീസ് & ബോയിലേഴ്സിന്റെ APY/01/304/1996/4.11.19നം. ലൈസൻസ് പ്രകാരവും 404.39 KW + 335 KVA (268 KW) = 542 + 359 HP = 901 HP. | | | | | |
| പി.ദിനേഷ് കൊച്ചിൻ ഫ്രോസൺ | 119040500441/9.3.20 | 830 | 8300 | 6400 | 1900 |

| | | | | | |
|---|---|---|---|---|---|
| ഫുഡ്സ് എക്സ്പോർട്സ് പ്രൈ.ലി. | | | | | |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ APY/01/205/1992/6.11.19ലൈസൻസ് പ്രകാരം 375.98 KW + 305 KVA (244 KW) = 503 + 327 HP = 830 HP. | | | | | |
| എം.എസ്. അനസ് ഫ്രണ്ട് ലൈൻ എക്സ്പോർട്സ് (പ്രൈ.)ലി. | 119040109424/13.3.20 | 1090 | 10900 | 2000 | 8090 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ APY/01/341/1998/8.8.17ലൈസൻസ് പ്രകാരം 510.20 KW + 380 KVA (304 KW) = 683 + 407 HP = 1090 HP. | | | | | |
| വത്സ കെ.കെ. ലക്ഷ്മി ഐസ് & കോൾഡ് സ്റ്റോറേജ് | 119040108215/20.2.20 | 100 | 1000 | 500 | 500 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ N/APY/01/630/1993/3.12.19ലൈസൻസ് പ്രകാരം 75 KW= 100 HP. | | | | | |
| പി.എ. അബു, ഫസീല എന്റർപ്രൈസസ് കോൾഡ് സ്റ്റോർ - കെട്ടിട നം. - 8/204 | 119040500010/27.5.20 | 93 | 1000 | -- | 1000 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ N/APY/01/669/1994/14.11.19ലൈസൻസ് പ്രകാരം 70 KW= 100 HP. | | | | | |
| പി.എ. അബു, ഫസീല എന്റർപ്രൈസസ് മറൈൻ ഡിവിഷൻ -കെട്ടിട നം. - 8/203 | 119040500009/27.5.20 | 215 | 2150 | 1000 | 1150 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ APY/01/320/1997/30.12.19ലൈസൻസ് പ്രകാരം 61 KW + 125 KVA = 81 HP + 134 HP(100KW) = 215 HP. | | | | | |
| സി.എം. സാബിർ ക്യു ഫ്രോസ് ട്രേഡേഴ്സ് പ്രൈ. ലി. | 119040500400/29.5.20 | 1319 | 13190 | 11760 | 1430 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ APY/01/706/2018/07.12.19ലൈസൻസ് പ്രകാരം 584.65 KW + 500 KVA = 783 HP + 536 HP(400KW) = 1319 HP. | | | | | |
| രേഷ്മ അൻവർ അബാദ് സീഫുഡ് പ്രോസസേഴ്സ് | 119040500344/19.2.20 | 134 | 2000 | 1000 | 1000 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ D05/APY/01/601/2013/30.12.19ലൈസൻസ് പ്രകാരം 44.59 KW + 70 KVA = 59HP + 75 HP(56KW) = 134 HP. | | | | | |
| സി.ജി. കാന്തിഭായ് മെ. ഇന്റർനാഷണൽ ഫ്രീസ് ഫിഷ് എക്സ്പോർട്ട്സ് - യൂണിറ്റ് -1 | 119040109658/19.3.20 | 843 | 8430 | 3350 | 5080 |
| ഫാക്ടറീസ് &ബോയിലേഴ്സിന്റെ D/05/APY/01/634/2016/30.12.19ലൈസൻസ് പ്രകാരം 69.38 KW + 700 KVA = 93 HP + 750 HP(560KW) = 843 HP. | | | | | |
